CHASS

# ചാസ് ബുള്ളറ്റിൻ

# ഒരുമ

ജൂലൈ 2020

ലക്കം : 54
വാല്യം : 23



കൊറോണ വൈറസ്

Break the Chain

കോവിഡ്-19

## ഹരിതസമൃദ്ധി 2020- 22

**കോവിഡ്-19 ഒരു മഹാമാരി**

# അന്താരാഷ്ട്ര വനിതാദിനാചരണം

(2020 മാർച്ച് 7, കൂത്രപ്പള്ളി)



അഡ്വ. ബിന്ദു എം. തോമസ് ഉദ്ഘാടനം ചെയ്യുന്നു.











# ഒരുമ


ചാസ് ബുള്ളറ്റിൻ

ചങ്ങനാശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ മുഖപത്രം

ലക്കം 54 | വാല്യം 23

ജൂലൈ 2020

പേജ് : 56


## editorial board

**രക്ഷാധികാരി**

മാർ ജോസഫ് പെരുന്തോട്ടം

**മാനേജിംഗ് എഡിറ്റർ**

ഫാ. ജോസഫ് കളരിക്കൽ

**ചീഫ് എഡിറ്റർ**

ശ്രീ. ജോസ് പുതുപ്പള്ളി

**എക്സിക്യൂട്ടീവ് എഡിറ്റർ**

ശ്രീ. ജോബി മാത്യു

**അസോസിയേറ്റ് എഡിറ്റേഴ്സ്**

ശ്രീ. ബിനു ജോസഫ്

ശ്രീമതി ബിന്ദു സിബി


## ഉള്ളടക്കം


02 മുഖമൊഴി

04 കോവിഡ്-19 ഒരു മഹാമാരി

08 ഹരിതസമൃദ്ധി 2020-22

14 കുട്ടനാട് പുനർനിർമ്മാണ പദ്ധതി

21 തണൽ

24 കേന്ദ്രവാർത്തകൾ

40 മൈക്രോഫിനാൻസ്

48 ആശാകിരണം

49 വിജയഗാഥ

50 മേഖലാവാർത്തകൾ

53 കോവിഡ് -19 ചാസ് യൂണിറ്റ് ഇടപെടലുകൾ




ലേ ഔട്ട് & പ്രിന്റിംഗ്

**സെന്റ് ജോസഫ്സ് ഓർഫനേജ് പ്രസ്** ചങ്ങനാശേരി

ഫോൺ: 0481-2410101



# മുഖമൊഴി

*പ്രിയ സുഹൃത്തുക്കളേ,*

ആധുനിക ചരിത്രത്തിലെ ഏറ്റവും ആശങ്കാകുലമായ സാഹചര്യത്തിലൂടെയാണ് ലോകസമൂഹം ഇന്ന് കടന്നുപോകുന്നത്. എല്ലാഭൂഖണ്ഡങ്ങളെയും ജനപഥങ്ങളെയും ഒരുപോലെ ഭീതിയിലാഴ്ത്തുകയും, സാമൂഹ്യജീവിതത്തിന്റെ താളം തെറ്റിക്കുകയും ചെയ്ത കൊറോണ വൈറസ് മൂലമുണ്ടായ Covid-19 മഹാമാരി താണ്ഢവം തുടരുകയാണ്. നാളിതുവരെ മനുഷ്യൻ അഭിമുഖീകരിച്ചട്ടില്ലാത്തവിധം അനിതരസാധാരണമായ പ്രതിസന്ധിയാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.

ഒരു പകർച്ചവ്യാധി എന്നതിനപ്പുറം ഒരു മഹാമാരിയായി Covid-19 പടർന്നുകഴിഞ്ഞു. എല്ലാവരും ഇതിനെ പ്രതിരോധിച്ച് അതിജീവിക്കാനുള്ള വലിയ പരിശ്രമത്തിലാണല്ലോ. വ്യക്തിശുചിത്വവും സാമൂഹികശുചിത്വവും പാലിച്ചും, സാമൂഹിക അകലം വീട്ടിൽ തുടങ്ങി എല്ലാതലങ്ങളിലും സൂക്ഷിച്ചും, വായും മൂക്കും മൂടത്തക്കരീതിയിൽ മാസ്ക് ധരിച്ചും, രോഗസാധ്യതയുള്ള പ്രദേശങ്ങൾക്ക് പ്രത്യേകശ്രദ്ധ നൽകിയും കോവിഡ്- 19 നോപ്പം ജീവിച്ചുകൊണ്ട് മാത്രമേ ഇനിയുള്ള കുറേനാളുകൾ നമുക്ക് മുമ്പോട്ട് പോകാനാവുകയുള്ളൂ.

സാമൂഹ്യ-സാമ്പത്തിക-സാംസ്ക്കാരിക മേഖലകളുടെ അടിത്തറ ഇളകിത്തുടങ്ങി. തൊഴിൽ നഷ്ടം രൂക്ഷമാവുന്നു. പട്ടിണിയുടെ നിഴൽ ഇപ്പോൾ തന്നെ വ്യാപിച്ചിട്ടുണ്ട്. കോവിഡ്-19 മൂലം ലക്ഷങ്ങൾക്ക് ജീവൻ നഷ്ടപ്പെടുമെങ്കിൽ ഐക്യരാഷ്ട്ര സംഘടനയുടെ കീഴിലുള്ള ലോകഭക്ഷ്യ സംഘടനയുടെ പഠനമനുസരിച്ച് ഇനിയുള്ള അടുത്ത കാലയളവിൽ പട്ടിണിമൂലം മൂന്ന് കോടിയിലധികം ജനങ്ങൾക്ക് ജീവൻ നഷ്ടപ്പെടുമെന്ന് മുന്നറിയിപ്പ് നൽകികഴിഞ്ഞു.

ലോകത്ത്, പ്രത്യേകിച്ച് വടക്കേ ഇൻഡ്യൻ സംസ്ഥാനങ്ങളിൽ ഉണ്ടാവാനിടയുള്ള ഭക്ഷ്യക്ഷാമം, പൂർണ്ണമായും ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്, വലിയ ആഘാതമായിരിക്കും സൃഷ്ടിക്കുക. ഇക്കഴിഞ്ഞ വർഷം തന്നെ വെട്ടുക്കിളിശല്യം മൂലം വിളവുകൾ നശിച്ചതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

ഈ പശ്ചാത്തലത്തിലാണ് കോവിഡ്-19 സൃഷ്ടിക്കുന്ന പ്രതിസന്ധിയെ പ്രതിരോധിക്കാൻ **''ഹരിതസമൃദ്ധി 2020-22''** പദ്ധതിയുമായി ചാസ് മുമ്പോട്ടുവരുന്നത്. ചാസിന്റെ സുവർണ്ണജൂബിലി സ്മാരകമായി തുടക്കം കുറിച്ച 'ഹരിതവർഷം ഹരിതഗ്രാമ'ത്തിലെ ഘടകങ്ങൾ കൂടുതൽ ജനകീയമാക്കി സമൂഹത്തിലെത്തിച്ചുകൊണ്ട് ഭക്ഷ്യസുരക്ഷയും, ആരോഗ്യസുരക്ഷയും സാമ്പത്തികസുരക്ഷയും ഉറപ്പാക്കുകയാണ് ''ഹരിതസമൃദ്ധിയുടെ'' ലക്ഷ്യം. വ്യക്തിയിൽ തുടങ്ങി യൂണിറ്റ്തലംവരെ പരസ്പരം സഹകരിച്ചും, ആവശ്യമായ പരിശീലനങ്ങൾ ക്രമീകരിച്ചും, സാങ്കേതിക-സാമ്പത്തിക പിന്തുണ നൽകിയും മാത്രമേ 'ഹരിതസമൃദ്ധി' വിജയിപ്പിക്കാനാവൂ.

യൂണിറ്റ് നേതൃസമിതിയും, സംഘം ഭാരവാഹികളും, അംഗങ്ങളും നിലവിലെ സാഹചര്യത്തിന്റെ ഗൗരവം കണക്കിലെടുത്ത് അവസരോചിതമായി ഇടപെടലുകൾ നടത്തണം. ശാക്തീകരിക്കപ്പെടേണ്ട മേഖലകൾ തിരിച്ചറിഞ്ഞ് ആവശ്യമായ തിരുത്തലുകൾ വരുത്തിയും, ബദൽ ക്രമീകരണങ്ങൾ ചെയ്തും മുമ്പോട്ടുപോവേണ്ടതുണ്ട്.

പുതിയ പ്രവർത്തനവർഷത്തിന്റെ ആദ്യപാദം അവസാനിക്കുകയാണ്. കോവിഡിന്റെയും മഴക്കാലത്തിന്റെയും പരിമിതികളെ, വികസനത്തിന്റെ സാധ്യതകളാക്കി മാറ്റി നമുക്ക് മുന്നേറാം. വെല്ലുവിളികളുടെ ഈ സാഹചര്യത്തിൽ ഏവരുടെയും സഹകരണം നിർല്ലോപമായി ഉണ്ടാവണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

*ആശംസകളോടെ.....*

**ഫാ. ജോസഫ് കളരിക്കൽ**
*ഡയറക്ടർ*





# കോവിഡ്-19 ഒരു മഹാമാരി

**ബൈജു പ്രസാദ്**
*ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ*

ഏറെ പരിചിതമല്ലാത്ത ദുരന്തകാലത്തേക്ക് മാനവരാശിയെ തള്ളിയിട്ട കൊടിയ ദീനകാലത്തിലൂടെ ലോകം കടന്നുപോകുകയാണ്. ജാതി മത ലിംഗ, പണ്ഡിത പാമര വിത്യാസമില്ലാതെ എല്ലാവരെയും ഒരുപോലെ വിഴുങ്ങാൻ പാകത്തിൽ ലോകത്താകമാനം കോവിഡ് പടർന്നു പിടിക്കുന്നു. വികസിത-അവികസിത രാജ്യവ്യത്യാസമില്ലാതെ മരണനിരക്ക് ദിവസേന പെരുകുന്നു. രാജ്യങ്ങൾ ദൈന്യതയോടെ ഈ മഹാമാരിക്കു മുന്നിൽ മുട്ടുമടക്കി നിൽക്കേണ്ടിവരുന്നു.

1918-ലെ 'സ്പാനിഷ് ഫ്ളൂ' വിന് ശേഷം മനുഷ്യരെ ഇത്രത്തോളം ഭയപ്പെടുത്തുന്ന ഒരു ആഗോള മഹാമാരി ആദ്യമാണ്. 2019 ഡിസംബർ 31 ന് മധ്യചൈനയിലെ തുറമുഖനഗരമായ വുഹാനിൽ നിന്ന് പെട്ടെന്ന് കാരണമെന്തെന്ന് അറിയാത്ത ന്യൂമോണിയ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടതോടുകൂടിയാണ് ലോകാരോഗ്യസംഘടന ഇത് ശ്രദ്ധിച്ചത്. നാല് ദിവസത്തിനുള്ളിൽ ഒരു പ്രത്യേക സ്ഥലത്ത് മാത്രം അൻപതിലധികം സമാനകേസുകൾ റിപ്പോർട്ട് ചെയ്തു. വുഹാൻ സിറ്റിക്കടുത്ത് ഒരു കടൽ മത്സ്യ-മാംസ്യ മാർക്കറ്റുമായുള്ള സമ്പർക്കമാണ് ഈ പകർച്ചവ്യാധിക്ക് കാരണമെന്ന് കണ്ടെത്തി. എന്നാൽ ഇന്ന് ഇതിന് പലകാരണങ്ങളും മറ്റ്രാജ്യങ്ങൾ പറയുന്നുണ്ട്. ചൈനീസ് നാഷണൽ ഹെൽത്ത് മിഷന്റെ നിരീക്ഷണപ്രകാരം ഈ രോഗം കൊറോണ വൈറസ് മൂലമാണെന്ന് കണ്ടെത്തി. ലോകാരോഗ്യസംഘടന ഇതിനെ ആദ്യം 'നോവൽ കൊറോണ വൈറസ്' എന്ന് വിളിച്ചു (2019 nCov).

കൊറോണ വൈറസ് ആയിരക്കണക്കിന് വർഷങ്ങളായി വവ്വാലുകളുടെയും പാമ്പുകളുടെയും നമുക്ക് ഇതുവരെ പരിചയമില്ലാത്ത ഏതോ ജീവികളുടെയും ശരീരത്തിൽ ആരുമറിയാതെ കഴിയുകയാ

യിരുന്നു. ഒരു സ്വതന്ത്രജീവിയെപ്പോലെ ജീവിക്കാൻ കൊറോണ വൈറസ് വൗവ്വാലിന്റെയും പാമ്പിന്റെയും ശരീരത്തിനുള്ളിൽ സ്വസ്ഥമായി വസിച്ചുപോന്നു. എന്നാൽ പെട്ടന്ന് ഈ സൂക്ഷ്മജീവി ഒരു പ്രതിഭാസംപോലെ മനുഷ്യശരീരത്തിൽ കയറാനുള്ള കഴിവ് നേടി. ഏതോ ഒരു സന്ദർഭത്തിൽ മൃഗത്തിൽ നിന്നും ഉരകത്തിൽ നിന്നും മനുഷ്യശരീരത്തെ വേർതിരിക്കുന്ന ജൈവമതിൽ ഇത് ചാടിക്കടന്നു. അതിന്റെ ജനിതകഘടനയിൽ മാറ്റം വന്നു. മനുഷ്യശരീരത്തിൽ ജീവിക്കാൻ കഴിവ് ആർജ്ജിച്ച ഒരു പുതിയ കൊറോണ വൈറസ് ഒരു സൂക്ഷ്മ ജീവിയായി തീർന്നു. ഈ പുതിയ കൊറോണ വൈറസിന്റെ പ്രത്യേകത മനുഷ്യന്റെ കഫത്തിലൂടെ വായുവിലേയ്ക്ക് തെറിച്ചുവീഴുകയും മറ്റൊരാളിലേയ്ക്ക് പകരുകയും ചെയ്യുന്നു എന്നുള്ളതാണ്.

വൈറസിനെ ജീവിയെന്നാണോ പദാർത്ഥമെന്നാണോ വിളിക്കേണ്ടത് എന്നതിൽ തർക്കമുണ്ട്. വൈറസ് നമുക്ക് അറിയാവുന്നതരത്തിലുള്ള ഒരു ജീവകോശമല്ല. ഒരേസമയം ജീവനുള്ളതും അല്ലാത്തതുമായ ഒരു റഫറൻസ് പദാർത്ഥം; വൈറസുകൾക്ക് സ്വന്തമായി നിലനിൽപ്പില്ല. മറ്റൊരുജീവിയുടെ (ഹോസ്റ്റ്) കോശത്തിൽ കടന്നുകയറി അതിന്റെ ജനിതകസംവിധാനത്തെ ഹൈജാക് ചെയ്ത് സ്വന്തം ജീനുകളുടെ പ്രത്യുത്പ്പാദനത്തിന് ആവശ്യമായ പ്രോട്ടീൻ നിർമ്മിക്കുകയാണ് ചെയ്യുന്നത്.

കിരീടം പോലുള്ള (crown) പ്രൊജക്ഷനുകൾ ഈ വൈറസിന് ഉള്ളതിനാലാണ് ഇവയ്ക്ക് കൊറോണ വൈറസ് എന്ന പേര് വന്നത്. ലാറ്റിൻ ഭാഷയിൽ കൊറോണ എന്നാൽ ക്രൗൺ (crown) എന്നാണ്. നേർത്ത ഒരു കൊഴുപ്പുകവറിൽ പൊതിഞ്ഞ് വച്ചിരിക്കുന്ന ഒരു കഷ്ണം DNA അല്ലെങ്കിൽ RNA മാത്രമാണ് കൊറോണ വൈറസ്. അതിന് ജീവനുള്ള ഒരു കോശത്തെപ്പോലെ പെരുമാറണമെങ്കിൽ മറ്റൊരു ജീവിയുടെ ശരീരത്തിനുള്ളിൽ കയറണം. അത് മൃഗമോ, പക്ഷിയോ, ഉരഗമോ, മനുഷ്യനോ ആകാം. അങ്ങനെ കയറികഴിഞ്ഞാൽ ജീവനുള്ള മറ്റേതൊരു കോശത്തെയും പോലെ അത് വളർന്ന് പെരുകി കോടാനുകോടി വൈറസുകളായി തീരും.

**കൊറോണ വൈറസുകൾ (RNA VIRUS)**

ശരീരത്തിന്റെ തീവ്രത അനുസരിച്ച് 6 ഇനം കൊറോണ വൈറസുകളുണ്ട്.

* 229 E (ആൽഫ കൊറോണ വൈറസ്)
* NL 63 (ആൽഫ കൊറോണ വൈറസ്)
* Oc 43 (ബീറ്റ കൊറോണ വൈറസ്)
* HKV (ബീറ്റ കൊറോണ വൈറസ്)
* MERScov
* SARScov

1990 കൾക്ക്ശേഷം നിരവധി പകർച്ചവ്യാധികൾ ലോകത്ത് ഉണ്ടായിട്ടുണ്ട്. ഡെങ്കിപനി, H1 N1 SARS, MERS, EBOLA-, NIPA, COVID-19 അങ്ങനെ ചെറുതും വലുതുമായ നിരവധി വൈറസ് രോഗങ്ങൾ. ഒന്നിന് പുറകെ ഒന്നായി വന്നുകൊണ്ടിരിക്കുന്ന ഈ വൈറസ് പകർച്ചാവ്യാധികൾ അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിന്റെ സൂചനയാണ്. എൺപതുകൾക്കുശേഷം മുപ്പതോളം രോഗകാരികളായ വൈറസുകളാണ് മനുഷ്യരിലേയ്ക്ക് കടന്നുവന്നത്. കാലാവസ്ഥാമാറ്റവും പരിസ്ഥിതിമലിനീകരണവും മനുഷ്യരുടെയെന്നപോലെ പക്ഷിമൃഗാദികളുടെയും, ബാക്ടീരിയ, വൈറസ് പോലെയുള്ള സൂക്ഷ്മജീവികളുടെയും നിലനിൽപ്പിന് പ്രതിസന്ധിയാകുന്നു. അവ സ്വാഭാവിക ആവാസവ്യവസ്ഥയിൽ നിന്നും മാറി പുറത്തേയ്ക്ക് വരുന്നു. ആ മാറ്റത്തിന്റെ ഭാഗമായി ജനിതകമാറ്റം സംഭവിച്ച് പുതിയ രൂപമായി മാറി പുതിയ രോഗങ്ങൾ സൃഷ്ടിക്കുന്നു.

2019 ഡിസംബർ മാസം ചൈനയിലെ വുഹാനിൽ റിപ്പോർട്ടു ചെയ്ത ശ്വാസകോശരോഗമായ നോവൽ കൊറോണ പിന്നീട് 'കോവിഡ്–19' എന്ന പേരിൽ പുനർനാമകരണം ചെയ്തു (Corona virus disease-19).

**ലക്ഷണങ്ങൾ**

ഇത് പ്രധാനമായും ശ്വാസനാളിയെയാണ് ബാധിക്കുന്നത്. ജലദോഷം, മൂക്കൊലിപ്പ്, ചുമ, തൊണ്ടവേദന, ശ്വാസതടസം ഉണ്ടാകാം. ന്യൂമോണിയ, വൃക്കകളുടെ പ്രവർത്തനമാന്ദ്യം തുടങ്ങിയവയും ഉണ്ടാകും.

**രോഗം കണ്ടെത്തൽ**

രോഗലക്ഷണം ഉള്ളവരുടെ തൊണ്ടയിൽനിന്നുള്ള സ്രവം, കഫം, രക്തം, മൂത്രം എന്നിവ ലബോറട്ടറി പരിശോധനകൾക്ക് വിധേയമാക്കിയാണ് രോഗനിർണ്ണയം ഉറപ്പുവരുത്തുന്നത്. PCR, MAAT എന്നിവയാണ് പ്രധാന ടെസ്റ്റുകൾ.

**പ്രതിരോധമാർഗ്ഗങ്ങൾ**

നിലവിൽ വാക്സിനുകൾ കണ്ടുപിടിച്ചിട്ടില്ലാത്തതിനാൽ പ്രതിരോധമാർഗങ്ങൾക്കാണ് പ്രാധാന്യം.

* സാമൂഹിക അകലം പാലിക്കുക.
* കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് 20 സെക്കന്റ് നേരം നന്നായി കഴുകുക.
* സാനിറ്റൈസർ ഉപയോഗിച്ച് കൈകൾ അണുവിമുക്തമാക്കുക.
* വ്യക്തിശുചിത്വവും പരിസരശുചിത്വവും പാലിക്കുക.
* തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും തൂവാല ഉപയോഗിച്ച് മുഖം മറയ്ക്കുക.

* ശരിയായരീതിയിൽ സ്ഥിരമായി ഗുണനിലവാരമുള്ള മാസ്ക് ധരിക്കുക.
* പ്രായമായവരും കുട്ടികളും ശ്വാസകോശ രോഗമുള്ളവരും കഴിവതും പുറത്തിറങ്ങാതെ വീട്ടിൽതന്നെ കഴിയുക.
* ക്വാറന്റൈൻ നിയമങ്ങൾ ശരിയായി പാലിക്കുക.

ലോകത്ത് കോവിഡ് രോഗികൾ രണ്ട് കോടിയിലേക്ക് അടുക്കുന്നു. മരണം 7 ലക്ഷം കടന്നു. ഇൻഡ്യയിൽ രോഗികൾ 16 ലക്ഷം കടന്ന് ഏഷ്യൻ രാജ്യങ്ങളിൽ ഒന്നാമതായി. മരണം നാല്പതിനായിരത്തോട് അടുക്കുന്നു. ഇതൊക്കെ കണക്കിൽമാത്രം; അറിയപ്പെടാത്തത് ലക്ഷണങ്ങളില്ലാതെ മരിച്ച ലക്ഷങ്ങൾ വേറെ. പുതിയതരം വൈറസ്, പുതിയരോഗം, പ്രതിരോധമരുന്നുകൾ നിലവിൽ ലഭ്യമല്ലാത്തസ്ഥിതി, ലോകം ഭയപ്പാടിൽ അലയുന്നു. ദിനംതോറും ലക്ഷങ്ങൾക്ക് രോഗം പിടിപെടുകയും, ആയിരങ്ങൾ മരിച്ച് വീഴുകയും ചെയ്യുന്നു.

വികസിത രാജ്യങ്ങളിൽപോലും ആശുപത്രികൾ നിറഞ്ഞുകവിയുന്നു. ആരോഗ്യപ്രവർത്തകർ അടക്കം രോഗത്തിന് കീഴ്പ്പെടുന്നു. ആശുപത്രികൾ രോഗികളിൽതന്നെ മുൻഗണന നിശ്ചയിച്ച് ചികിത്സിക്കേണ്ടിവരുന്നു. പ്രായമായവരെ മരണത്തിന് വിട്ടിട്ട് ചെറുപ്പക്കാരിലേയ്ക്ക് ചികിത്സ ചുരുക്കുന്നു. ലോകമെങ്ങും ദയനീയ കാഴ്ചകൾ. തുടക്കത്തിൽ പ്രതിരോധപ്രവർത്തനത്തിലും രോഗചികിത്സയിലും നമ്മുടെ കേരളം ലോകത്തിന് മാതൃകയായിരുന്നു. കേരള മോഡൽ ലോകമെങ്ങും ചർച്ച ചെയ്യപ്പെട്ടു. വികസിത രാജ്യങ്ങളുടെ ആരോഗ്യസൂചികകളോട് കിടപിടിക്കുന്ന ആരോഗ്യസൂചികയാണ് നമ്മുടെ കേരളത്തിന്റേത്. ശിശുമരണനിരക്കിലും മാതൃമരണനിരക്കിലും ആയൂർദൈർഘ്യത്തിലും കേരളം ഏറെ മുന്നിലാണ്.

രോഗലക്ഷണം പ്രകടമാകുന്ന ദിവസമായ ഇൻകുബേഷൻ പിരിഡിൽ മാറ്റം വരുന്നതും രോഗലക്ഷണം ഇല്ലാതെ രോഗം വരുന്നതും രോഗപ്രതിരോധപ്രവർത്തനത്തിന് വിലയതോതിൽ തടസമാകുന്നു. 'കാമ്പേയ്ൻ, മാസ്ക് നിർബന്ധമാക്കൽ, ക്വാറന്റൈൻ, ലോക്ക്ഡൗൺ' എല്ലാം കൊറോണ വ്യാപനം കുറയ്ക്കുന്നതിന് സഹായകമായി. എങ്കിലും വിദേശരാജ്യങ്ങളിൽനിന്നും അന്യസംസ്ഥാനങ്ങളിലെ ഹോട്ട് സ്പോട്ടുകളിൽ നിന്നും വരുന്ന പ്രവാസികൾ നമ്മുടെ നാട്ടിൽ എത്തി തുടങ്ങിയതോടെ രോഗവ്യാപനം കൂടാൻ തുടങ്ങി. ശരിയായ ക്വാറന്റൈൻ നിരീക്ഷണം ശക്തമാക്കിയാലേ നിലവിലെ സാഹചര്യത്തിൽ നിയന്ത്രണം കൊണ്ടുവരാനാകൂ.

COVID-19 ന് എതിരെ 'ഭയമല്ല ജാഗ്രതയാണ്' വേണ്ടത്. യോജിച്ച പ്രതിരോധപ്രവർത്തനം, ശരിയായ ബോധവത്ക്കരണം, സാമൂഹിക പ്രതിബദ്ധത എന്നിവയിലൂടെ കോവിഡ് പ്രതിരോധം നമുക്ക് ശക്തമാക്കാം.

……………..

# ഹരിതസമൃദ്ധി 2020-22

ലോകത്താകമാനം കരിനിഴൽ വീഴ്ത്തിയ കൊറോണ വൈറസ് രോഗബാധ, കോവിഡ്-19 കേരളത്തിലും പരിധിവിട്ട് പടർന്നുകൊണ്ടിരിക്കുകയാണ്. രോഗവ്യാപനം നിയന്ത്രിക്കാൻ ലോക്ഡൗൺ എല്ലായിടത്തും പരീക്ഷിച്ചു. സാമൂഹിക അകലം പാലിച്ചും മാസ്ക് ധരിച്ചും വ്യക്തിശുചിത്വവും പൊതുശുചിത്വവും പാലിച്ചും രോഗവ്യാപനം തടയാനുള്ള 'ബ്രേക്ക് ദി ചെയിൻ'-കാമ്പയിൻ എല്ലാമേഖലകളിലും സജീവമായി നടക്കുന്നു. പക്ഷേ കോവിഡ് വൈറസ് ആഗോളതലത്തിൽ 7 ലക്ഷത്തിലധികം ജനങ്ങളുടെ ജീവനെടുത്തു. നിരവധിയാളുകൾ രോഗാവസ്ഥയിൽ തുടരുന്നു. കേരളത്തിൽ രോഗവ്യാപനം ഇപ്പോഴും നിയന്ത്രിക്കാനായിട്ടില്ല. രോഗമുക്തിയും പ്രതിരോധവും ഉറപ്പാക്കാൻ കഴിയുന്ന മരുന്നുകൾ ഇനിയും പരീക്ഷണഘട്ടത്തിലാണ്. ഇപ്പോഴത്തെ സാഹചര്യത്തിൽ രോഗചികിത്സയെക്കാൾ രോഗപ്രതിരോധത്തിന് ഏറെ പ്രസക്തിയുണ്ട്. രോഗവ്യാപനത്തിന്റെ വ്യാപ്തി പരിഗണിക്കുമ്പോൾ പ്രതിരോധശേഷികുറഞ്ഞവർ തീവ്രരോഗത്തിനും മരണത്തിനും കീഴടങ്ങുന്നു. **വ്യക്തികളുടെ ആരോഗ്യവും പ്രതിരോധശേഷിയും രോഗവ്യാപനം നിയന്ത്രിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു.**

കോവിഡ് അനന്തരകാലഘട്ടം ഭക്ഷ്യദൗർലഭ്യത്തിലേയ്ക്കും പട്ടിണി മരണത്തിലേയ്ക്കും വഴിതുറക്കുമെന്ന് ഐക്യരാഷ്ട്രസംഘടന മുന്നറിയിപ്പ് നൽകി കഴിഞ്ഞു. ഉപഭോഗസംസ്ഥാനമായ കേരളത്തിന്റെ സാഹചര്യം ഈ രംഗത്ത് വലിയ വെല്ലുവിളി ഉയർത്തുന്നു. കൃഷി ജീവിതശൈലിയാക്കി സുരക്ഷിതഭക്ഷണം സ്വന്തമാക്കാനും പ്രതിരോധശേഷി ഉറപ്പാക്കാനും ലക്ഷ്യംവച്ചുകൊണ്ട് സംസ്ഥാനസർക്കാരിനോട് കണ്ണിചേർന്ന് ചാസ് **''ഹരിതസമൃദ്ധി 2020-22''** പദ്ധതിക്ക് രൂപം നൽകിയിരിക്കുകയാണ്. പരിസ്ഥിതി സംരക്ഷണവും സാമൂഹികാരോഗ്യവും ഭക്ഷ്യസുരക്ഷയും ഉറപ്പാക്കുന്ന പദ്ധതിയിൽ പങ്കാളികളാവാൻ ഏവരേയും ക്ഷണിക്കുന്നു.

**1. പോഷകത്തോട്ടം**

വീട്ടുമുറ്റത്തും പുരയിടത്തിലും വീട്ടിലേയ്ക്കാവശ്യമായ പച്ചക്കറി, പഴവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗവിളകൾ തുടങ്ങിയവ നട്ടുവളർത്തി സുരക്ഷിത ഭക്ഷണം ലഭ്യമാക്കുക. ജൈവവളവും ജൈവകീടനാശിനിയും ഉപയോഗിച്ചുള്ള കൃഷിയിലൂടെ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുക. മാലിന്യം സംസ്ക്കരിച്ച് വളമാക്കി ഉപയോഗിക്കുന്നതുവഴി കൃഷിചെലവ് കുറയ്ക്കുക. സ്ഥലപരിമിതിയുള്ളവർ ഗ്രോബാഗിലും കാലിചാക്കുകളിലും മണ്ണും മണലും ജൈവവളവും നിറച്ച് വിത്ത് നടുക.

**ആവശ്യമായ വസ്തുക്കൾ**

| | | | | |
|---|---|---|---|---|
| 1. ഗ്രോബാഗ് big | Rs.18/- | Medium | Rs.13/- | Small Rs. 8/- |
| 2. നിറയ്ക്കാനുള്ള മിശ്രിതം 10 കി. | Rs. 170/- | | | |
| 3. തൈ – വിത്ത് | Rs. 5/- | പായ്ക്കറ്റ് | Rs. 10/- | |
| 4. കേരപിത്ത് 5 കി. | Rs. 150/- | | | |
| 5. എല്ലുപൊടി 5 കി. | Rs. 200/- | 2 കി. | Rs. 90/- | |
| 6. വേപ്പിൻപിണ്ണാക്ക് 5 കി. | Rs. 210/- | 2 കി. | Rs. 95/- | |
| 7. ചകിരികമ്പോസ്റ്റ് 6.5 കി. | Rs. 135/- | | | |
| 8. ചാണകപ്പൊടി 10 കി. | Rs. 100/- | | | |
| 9. അസോള plus | Rs. 95/- | | | |
| 10. വെർമിൻ കമ്പോസ്റ്റ് 2 കി. | Rs. 60/- | | | |
| 11. കോമ്പസോർബ് 5 കി. | Rs. 135/- | | | |

**തരിശുഭൂമികൃഷി ജനകീയ കൂട്ടായ്മകളിലൂടെ**

സ്വാശ്രയസംഘം, ഹരിതഫാർമേഴ്സ് ക്ലബ്, ചാസ് യൂണിറ്റ് തുടങ്ങിയ ജനകീയ കൂട്ടായ്മകളുടെ നേതൃത്വത്തിൽ തങ്ങളുടെ പ്രവർത്തനപരിധിയിൽ കണ്ടെത്തുന്ന തരിശുഭൂമി കൃഷിയിടങ്ങളാക്കുക. കാർഷികോല്പാദനം വർദ്ധിപ്പിച്ച് വരാനിരിക്കുന്ന ഭക്ഷ്യദൗർലഭ്യത്തെ പ്രതിരോധിക്കാൻ സമൂഹത്തെ സജ്ജമാക്കുക. ജൈവകൃഷിമാതൃകയിൽ സുരക്ഷിത ഭക്ഷ്യോല്പാദനം പ്രോത്സാഹിപ്പിക്കുക.

**നാട്ടുചന്തയും സൺഡേ മാർക്കറ്റും**

പ്രാദേശികമായി പങ്കാളികൾ ഉൽപ്പാദിപ്പിക്കുന്ന വിളകളുടെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും വിപണനത്തിന് നാട്ടുചന്തയും സൺഡേ മാർക്കറ്റുകളും പ്രോത്സാഹിപ്പിക്കുക, കാർഷിക വിളകൾക്കൊപ്പം മുട്ട, ഇറച്ചി, തുടങ്ങിയവയുടെ വിപണനം സാധ്യമാക്കി കർഷകർക്ക് ന്യായവില ഉറപ്പാക്കുക.

**വീട്ടുമുറ്റത്തൊരു ഔഷധതോട്ടം**

രോഗാണുനിയന്ത്രണം സാധിക്കുന്ന പ്രാണവായുനിറഞ്ഞ സുഗന്ധമുള്ള ഔഷധസസ്യ അന്തരീക്ഷം ആരോഗ്യകരമായ ജീവിതത്തിന് അനിവാര്യമാണ്. നാട്ടറിവുകളും ഗൃഹവൈദ്യവും ഉപയോഗപ്പെടുത്താൻ ഉപകരിക്കുന്ന ഔഷധസസ്യങ്ങളുടെ ചെറുകൂട്ടം വീട്ടുപരിസരത്ത് നട്ടുവളർത്തി സംരക്ഷിക്കുക. ഔഷധസസ്യങ്ങളായ തുളസി, തുമ്പ, അരൂത, കിരിയാത്ത്, ആര്യവേപ്പ്, ചിറ്റമൃത്, വെള്ളില, ചങ്ങലംപരണ്ട, ആടലോടകം, മുള, ആവണക്ക്, ചിറ്ററത്ത, മുക്കുറ്റി, കറ്റാർവാഴ, അഗത്തിച്ചീര, നന്ത്യാർവട്ടം, കരിനൊച്ചി, കുറുന്തൊട്ടി, നിലമ്പരണ്ട, കീഴാർനെല്ലി, നീർമാതളം, മുയൽചെവിയൻ, കുടങ്ങൽ, തുടങ്ങിയവ സുസ്ഥിര ജീവിതത്തിനുപകരിക്കുന്ന അന്തരീക്ഷം പ്രദാനം ചെയ്യുന്നു. ഔഷധസസ്യവലയം സൃഷ്ടിക്കാനുള്ള ഔഷധ ചെ

ടികളുടെ വിതരണം ചാസിലൂടെ നടപ്പാക്കുന്നു.

**ഇനങ്ങൾ 10, തുക** Rs. 600/-

| | | | |
|---|---|---|---|
| 1. മൂവില | 2. ഏകനായകം | 3. ദന്തപ്പാല | 4. കൂവളം |
| 5. തിപ്പലി | 6. അയ്യപ്പാന | 7. കിലുക്കി | 8. വേലിപ്പരുത്തി |
| 9. ചിറ്റരത്ത | 10. അശോകം | | |

**2. ശുചിത്വനാട്**

വ്യക്തിയുടെയും സമൂഹത്തിന്റെയും സുസ്ഥിതി ഉറപ്പാക്കുന്നതിൽ പരിസ്ഥിതി സംരക്ഷണത്തിന് പ്രധാന പങ്കുണ്ട്. പരിസ്ഥിതി മലിനീകരണം തടയണമെങ്കിൽ ഉറവിടമാലിന്യസംസ്ക്കരണം സാധ്യമാക്കണം. യഥാവിധി മാലിന്യം സംസ്ക്കരിച്ചാൽ ജൈവവള ഉല്പാദനവും അതുവഴി ജൈവകൃഷിയും നടത്താൻ കഴിയും. എല്ലാ കുടുംബങ്ങളിലും ഒരു മാലിന്യസംസ്ക്കരണോപാധി സ്ഥാപിച്ചാൽ ശുചിത്വനാട് യാഥാർത്ഥ്യമാക്കാം.

(a) **മാലിന്യസംസ്ക്കരണ പദ്ധതികൾ**

| | | | |
|---|---|---|---|
| ബയോഗ്യാസ് പ്ലാന്റ് | Rs. 16500/- (0.5m$^3$) | റിംഗ് കംമ്പോസ്റ്റ് | Rs. 2500/- |
| പൈപ്പ് കംമ്പോസ്റ്റ് | Rs. 1000/- | മുച്ചട്ടി | Rs. 1500/- |
| ടെറാക്കോട്ട കംമ്പോസ്റ്റ് | Rs. 850/- | | |

**നിബന്ധനകൾ**

- ♦ ചാസ് യൂണിറ്റുമായി ബന്ധപ്പെട്ട എല്ലാ വീടുകളിലും ഏതെങ്കിലും ഒരു മാലിന്യസംസ്ക്കരണ ഉപാധി ലക്ഷ്യംവയ്ക്കുന്നു.
- ♦ SHG, ക്രെഡിറ്റ് യൂണിയൻ അംഗങ്ങൾക്ക് മൈക്രോ ക്രെഡിറ്റ് പ്രോഗ്രാം വഴി കുറഞ്ഞ പലിശ നിരക്കിൽ വായ്പാ സൗകര്യം ക്രമീകരിക്കാവുന്നതാണ്.
- ♦ ഓർഡർ നൽകുന്ന ഇനം 10-ൽ കൂടുതൽ ഉണ്ടെങ്കിൽ അതാത് യൂണിറ്റുകളിൽ എത്തിച്ചുനൽകും ഓർഡർ കുറവാണെങ്കിൽ മറ്റ് യൂണിറ്റുകളിലെ ഓർഡർകൂടി ക്രമീകരിച്ച് എത്തിച്ചുനൽകുന്നതാണ്.
- ♦ കൂടുതൽ ഓർഡർ നൽകുന്ന യൂണിറ്റുകളിൽ 20 ദിവസത്തിനുള്ളിൽ മാലിന്യസംസ്ക്കരണ ഉപാധികൾ ലഭ്യമാക്കുന്നതാണ്.

**3. തൊടിയിൽ ഒരു ഫലവൃക്ഷം**

മരം ഒരുവരമാണ്; അത് ഫലവൃക്ഷമായാൽ അതിന്റെ മാറ്റ് വർദ്ധിക്കുന്നു. പഴങ്ങളും പച്ചക്കറികളും മനുഷ്യന്റെ പ്രതിരോധശേഷി വർദ്ധിപ്പിക്കും. വീട്ടുമുറ്റത്തുനിന്നും ശേഖരിക്കുന്ന പഴങ്ങളും മറ്റു ഫലങ്ങളും ഗുണമേന്മ ഉറപ്പാക്കും. ഓരോവീടിനും യോജിച്ച ഫലവൃക്ഷങ്ങൾ തെരഞ്ഞെടുക്കാനും വീടുകളിൽ/യൂണിറ്റിൽ ലഭ്യമാക്കാനും തൊടിയിൽ ഒരു ഫലവൃക്ഷം പദ്ധതി അവസരമൊരുക്കുന്നു.

(a) **ഇനങ്ങൾ 11, തുക** Rs. 700/-

| | | |
|---|---|---|
| പ്ലാവ്–1 (ചെമ്പരത്തി വരിക്ക) | മാവ്–1 | മുരിങ്ങ–1 |
| കറിവേപ്പ്–1 | തെങ്ങ് മലയൻ–2 | |
| പപ്പായ–1 | പച്ചക്കറിതൈ–10 | |

(b) **ഇനങ്ങൾ 7 തുക,** Rs. 600/-

| | | |
|---|---|---|
| കുടംപുളി–1 | തെങ്ങ് കുറ്റിയാടി–2 | ചെറുനാരകം–1 |
| പപ്പായ–1 | മുരിങ്ങ–1 | കറിവേപ്പ്–1 |
| പച്ചക്കറിതൈ–5 | | |

(c) **ഇനങ്ങൾ –6, തുക** Rs. 500/-

| | | |
|---|---|---|
| ചെറുനാരകം–1 | ചാമ്പ–1 | പേര–1 |
| പപ്പായ–1 | കറിവേപ്പ്–1 | പച്ചക്കറിതൈ–5 |

(d) **ഇനങ്ങൾ –5, തുക** Rs. 450/-

| | | |
|---|---|---|
| തെങ്ങ് മലയൻ–1 | മുരിങ്ങ–1 | കറിവേപ്പ്–1 |
| കുടംപുളി–1 | പച്ചക്കറിതൈ–20 | |

**വിലവിവരം**

| | | | |
|---|---|---|---|
| തെങ്ങ് മലയൻ | Rs. 160/- | റംമ്പൂട്ടാൻ Gft | Rs. 300/- |
| തെങ്ങ് കുറ്റിയാടി | Rs. 120/- | ആയൂർ ജാക്ക് Gft | Rs. 250/- |
| ജാതി Gft | Rs. 250/- | സപ്പോർട്ട Gft | Rs. 225/- |
| തേൻ വരിക്ക Gft | Rs. 200/- | ചെമ്പരത്തി വരിക്ക Gft | Rs. 200/- |
| നാടൻ മാവ് Gft | Rs. 220/- | കുടംപുളി Gft | Rs. 220/- |
| പേര Thailand | Rs. 150/- | ചെറുനാരകം Gft | Rs. 150/- |
| ചാമ്പ Thailand | Rs. 150/- | പപ്പായ | Rs. 30/- |
| കറിവേപ്പ് | Rs. 50/- | മുരിങ്ങ | Rs. 10/- |

**നിബന്ധനകൾ**

- യൂണിറ്റിലെ SHG, ക്രെഡിറ്റ് യൂണിയൻ അംഗങ്ങളുടെ ഭവനങ്ങളിൽ ഒരു ഫലവൃക്ഷതൈ എങ്കിലും നട്ടു സംരക്ഷിക്കാൻ പദ്ധതി ലക്ഷ്യം വയ്ക്കുന്നു.
- SHG, ക്രെഡിറ്റ് യൂണിയൻ അംഗങ്ങൾക്ക് മൈക്രോ ക്രെഡിറ്റ് പ്രോഗ്രാം വഴി പലിശരഹിത ഹ്രസ്വകാല വായ്പകൾ അനുവദിക്കാവുന്നതാണ്.
- ഓർഡർ നൽകുന്ന ഇനം 50–ൽ കൂടുതൽ ഉണ്ടെങ്കിൽ അതാത് യൂണിറ്റുകളിൽ എത്തിച്ചു നൽകും.

**4. മഴക്കൊയ്ത്ത്**

ആരോഗ്യസംരക്ഷണത്തിൽ കുടിവെള്ളത്തിന് പ്രഥമസ്ഥാനമുണ്ട്. മഴവെള്ളം കുടിവെള്ളം പദ്ധതി കുടുംബങ്ങൾക്ക് ശുദ്ധജലം ഉറപ്പാക്കുന്നു. മഴക്കുഴി നിർമ്മാണത്തിലൂടെയും കിണർറീചാർജ്ജിംഗിലൂടെയും കിണർജലത്തിന്റെ ലഭ്യത വർദ്ധിപ്പിക്കാം. മഴവെള്ളസംഭരണികൾ മഴക്കാലത്തും വരൾച്ചാകാലത്തും ശുദ്ധമായ കുടിവെ

ള്ളം ഉറപ്പാക്കാൻ സഹായിക്കുന്നു. (മഴക്കുഴി നിർമ്മാണം, കിണർ റീചാർജ്ജിംഗ്, ജലസംഭരണി)

**മഴവെള്ള സംഭരണി നിർമ്മാണ പദ്ധതി**
***(പലിശ രഹിത വായ്പ)***

| Cost Estimate for Construction Capacity Per ltrs | | Cost including labour and material (Cost of foundation extra for Kuttanadu) |
|---|---|---|
| 5000 ltrs FC tank | 7 | 35,000/- |
| 10000 ltrs FC tank | 5 | 50,000/- |
| 15000 ltrs FC tank | 5 | 75,000/- |
| 20000 ltrs FC tank | 5 | 1,00,000/- |
| 30000 ltrs FC tank | 4.75 | 1,42,500/- |
| 40000 ltrs FC tank | 4.75 | 1,90,000/- |
| 50000 ltrs FC tank | 4.50 | 2,25,000/- |
| 75000 ltrs FC tank | 4.25 | 3,18,750/- |
| 100000 ltrs FC tank | 4 | 4,00,000/- |
| 200000 ltrs FC tank | 3.5 | 7,00,000/- |

NB: സർവ്വീസ് പാക്കേജ് 1 വർഷം Rs. 1250/-, 5 വർഷം Rs. 5000/ (മുൻകൂർ)

**നിബന്ധനകൾ**

- SHG, ക്രെഡിറ്റ് യൂണിയൻ അംഗങ്ങൾക്കുവേണ്ടിയുള്ള പദ്ധതി.
- യൂണിറ്റുകൾ മുഖാന്തിരം അപേക്ഷ സമർപ്പിക്കണം.
- വായ്പ ആവശ്യമുള്ളവർക്ക് ക്രെഡിറ്റ് യൂണിയൻ വഴി പലിശരഹിത വായ്പാസൗകര്യം.
- അനുവദിക്കുന്നകാലാവധിക്കുള്ളിൽ വായ്പതുക തിരിച്ചടച്ചാൽ പലിശ സബ്സിഡി ലഭിക്കും.
- വ്യക്തികൾ എടുക്കുന്ന വായ്പയുടെ പലിശ കേന്ദ്രഓഫീസിൽ നിന്ന് നൽകുന്നതാണ്.
- അപേക്ഷയും തുകയും യൂണിറ്റുകളിൽനിന്നും കേന്ദ്ര ഓഫീസിൽ ലഭിച്ച് 10 ദിവസത്തിനകം നിർമ്മാണം ആരംഭിക്കുന്നതാണ്.

**5. വളർത്തുകൂട്ടം-കോഴി, താറാവ്, ആട്, മത്സ്യം**

ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിൽ ഭക്ഷ്യവിളകൾക്കൊപ്പം മത്സ്യമാംസാദികൾക്കും നിർണ്ണായക സ്വാധീനമുണ്ട്. വീട്ടിലേക്കാവശ്യമായ പാലും, മുട്ടയും മത്സ്യവും, മാംസവും ലഭ്യമാക്കാൻ വളർത്തുകൂട്ടം പദ്ധതി സഹായിക്കുന്നു. കോഴി, താറാവ്, ആട്, പശു, കിടാരി, മത്സ്യം തുടങ്ങിയവയുടെ പരിപാലനത്തിലൂടെ പദ്ധതി നടപ്പാക്കാൻ കഴിയുന്നു.

**(a) മുട്ടക്കോഴിയും കൂടും**

- 25 കോഴിയും കൂടും (മേൽക്കൂരയോടുകൂടിയത്) Rs. 15,500/-

| | |
|---|---|
| ♦ 25 കോഴിയും കൂടും (മേൽക്കൂരയില്ലാതെ) | Rs. 13,500/- |
| ♦ 10 കോഴിയും കൂടും (മേൽക്കൂരയുള്ളത്) | Rs. 10,250/- |
| ♦ 10 കോഴിയും കൂടും (മേൽക്കൂരയില്ലാതെ) | Rs. 8,250/- |
| ♦ 25 കോഴികൾക്കുള്ള കൂട് (മേൽക്കൂരയുള്ളത്) | Rs. 11,500/- |
| ♦ 25 കോഴികൾക്കുള്ള കൂട് (മേൽക്കൂരയില്ലാതെ) | Rs. 9,500/- |
| ♦ 10 കോഴികൾക്കുള്ള കൂട് (മേൽക്കൂരയുള്ളത്) | Rs. 8,800/- |
| ♦ 10 കോഴികൾക്കുള്ള കൂട് (മേൽക്കൂരയില്ലാതെ) | Rs. 6,800/- |
| ♦ 5 കോഴികൾക്കുള്ള കൂട് (മേൽക്കൂരയുള്ളത്) | Rs. 7,000/- |
| ♦ BV 380 ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞ് (45 ദിവസം) | Rs. 200/- |
| ♦ നാടൻ കോഴിക്കുഞ്ഞുങ്ങൾ (45 ദിവസം) | Rs. 110/- |

**നിബന്ധന**

★ 5-ൽ കുറയാതെ കൂടുകൾക്ക് ഓർഡർ നൽകിയാൽ യൂണിറ്റിൽ എത്തിക്കുന്നതാണ്.

**(b) താറാവ്**

★ നാടൻ താറാവ് (60 ദിവസം) Rs. 200/-

**(c) ആട്**

★ ജോഡി (4 - 6 മാസം) (Rs. 12,000/- Rs. 15,000/-)

**നിബന്ധനകൾ**

- യൂണിറ്റുകൾ ഓരോമാസവും 15-ാം തീയതിക്കകം ഓർഡർ കേന്ദ്ര ഓഫീസിൽ എത്തിക്കുക. കേന്ദ്ര ഓഫീസിൽ തുക ലഭിച്ച് 50 ദിവസത്തിനകം ഇനങ്ങൾ യൂണിറ്റിൽ എത്തിക്കും.
- കോഴിക്കൂട് യൂണിറ്റിൽ ലഭ്യമാക്കുന്നതിന് കുറഞ്ഞത് 20 പേരെങ്കിലും യൂണിറ്റിൽനിന്നും ഓർഡർ നൽകണം.
- അപേക്ഷകർക്ക് ക്രെഡിറ്റ് യൂണിയൻ വഴി കുറഞ്ഞ പലിശനിരക്കിൽ ലോൺ ലഭ്യമാക്കാവുന്നതാണ്.
- യൂണിറ്റുകൾ ഓർഡർ സ്വീകരിച്ച് ഗുണഭോക്താക്കളുടെ ലിസ്റ്റ് ഓരോ മാസവും 15-ാം തീയതിയും തുക 30-ാം തീയതിയും കേന്ദ്ര ഓഫീസിൽ എത്തിക്കണം (അവധി ദിവസമാണെങ്കിൽ അടുത്ത പ്രവർത്തിദിവസം).
- അടുത്തമാസം 30-ാം തീയതിക്കകം ഇനങ്ങൾ യൂണിറ്റിൽ എത്തിക്കും.

**(d) മത്സ്യകൃഷി**

വീട്ടുപരിസരത്തുള്ള പ്രകൃതിദത്ത കുളങ്ങളും പടുതാകുളങ്ങളും ഫെറോസിമന്റ് ടാങ്കുകളും മത്സ്യകൃഷി വ്യാപനത്തിന് ഉപയോഗിക്കാം. മീൻകൃഷിയും പച്ചക്കറികൃഷിയും ഒരു കുടക്കീഴിൽ നടപ്പാക്കാൻ കഴിയുന്ന അക്വാപോണിക്, ബയോഫ്ളോക് സംവിധാനങ്ങളിലൂടെയും മത്സ്യം വളർത്തൽ സാധ്യമാണ്. അതുവഴി വീട്ടിലേയ്ക്കാവശ്യമായ മത്സ്യം സ്വന്തം കൃഷിയിടത്തിൽനിന്നും ലഭ്യമാക്കാം. അവയുടെ ഗുണനിലവരം ഉറപ്പാക്കാനും കഴിയും.

# കുട്ടനാട് പുനർനിർമ്മാണ പദ്ധതി

## (A) അതിരൂപത ശൗചാലയ നിർമ്മാണ പദ്ധതി
*(2019 ജൂലൈ -ഡിസംബർ)*

| *ഇടവക* | *ഗുണഭോക്താക്കൾ* | *തുക* |
|---|---|---|
| പുതുക്കരി | 4 | 50,000/- |
| പാണ്ടി | 3 | 37,500/- |
| പച്ച-ചെക്കിടിക്കാട് | 4 | 77,000/- |
| മുട്ടാർ ന്യൂ | 4 | 67,000/- |
| മുട്ടാർ CMI | 2 | 30,800/- |
| മുട്ടാർ ഓൾഡ് | 3 | 56,500/- |
| കോയിൽമുക്ക് | 4 | 63,000/- |
| കൊടുപ്പുന്ന | 4 | 64,000/- |
| കിഴക്കേമിത്രക്കരി | 4 | 70,000/- |
| മാമ്പുഴക്കരി | 3 | 48,500/- |
| മിത്രക്കരി | 4 | 80,000/- |
| ചങ്ങംകരി | 4 | 80,000/- |
| എടത്വാ | 4 | 60,000/- |
| കാവാലം സെന്റ് തെരേസാസ് | 3 | 60,000/- |
| വെളിയനാട് കേസറിയ | 4 | 74,000/- |
| പുന്നകുന്നത്തുശ്ശേരി | 3 | 56,000/- |
| വേഴപ്രാ | 5 | 72,000/- |
| തായങ്കരി | 2 | 40,000/- |
| ഈര | 3 | 60,000/- |
| രാമങ്കരി | 3 | 60,000/- |
| കരുവാറ്റ | 4 | 80,000/- |
| തകഴി-തെന്നടി | 4 | 78,000/- |
| മരിയാപുരം | 4 | 60,000/- |
| വെളിയനാട് സെന്റ് സേവ്യേഴ്സ് | 4 | 80,000/- |
| പാണ്ടങ്കരി | 3 | 55,000/- |
| പുളിംകുന്ന് സെന്റ് റീത്താസ് | 3 | 54,000/- |
| കൈനകരി | 4 | 67,000/- |
| മങ്കൊമ്പ് | 4 | 80,000/- |
| പുഴവാത് | 2 | 35,000/- |
| **ആകെ** | **102** | **17,95,300/-** |

## (B) കർഷകർക്കുള്ള സാമ്പത്തിക സഹായം *(2019 ഡിസംബർ)*

| *ഇടവക* | *ഗുണഭോക്താക്കൾ* | *തുക* |
|---|---|---|
| പാണ്ടി | 89 | 1,17,900/- |
| മാമ്പുഴക്കരി | 54 | 87,200/- |
| **ആകെ** | **143** | **2,05,100/-** |

## (C) അതിരൂപത ശൗചാലയ നിർമ്മാണ പദ്ധതി
*(2020 ജനുവരി-2020 ജൂൺ)*

| *ഇടവക* | *ഗുണഭോക്താക്കൾ* | *തുക* |
|---|---|---|
| മഹേന്ദ്രപുരം | 3 | 50,000/- |
| കൈനകരി | 1 | 20,000/- |
| പറാൽ | 1 | 20,000/- |
| പൊങ്ങ | 4 | 80,000/- |
| കിടങ്ങറ | 4 | 78,000/- |
| കുട്ടമംഗലം | 3 | 60,000/- |
| അറുന്നൂറ്റിൻപാടം | 5 | 80,000/- |
| കൈതവന | 3 | 60,000/- |
| പള്ളാത്തുരുത്തി | 3 | 60,000/- |
| കാവാലം ലിസ്യൂ | 3 | 60,000/- |
| കണ്ണാടി സെന്റ് ജോസഫ് | 4 | 80,000/- |
| വേഴപ്രാ | 1 | 20,000/- |
| കാവാലം സെന്റ് ജോസഫ് | 5 | 1,00,000/- |
| പയറ്റുപാക്ക | 2 | 40,000/- |
| കരിയിൽ തോട്ടപ്പള്ളി | 1 | 20,000/- |
| കായൽപുറം സെന്റ് ആന്റണീസ് | 4 | 80,000/- |
| കായൽപുറം സെന്റ് ജോസഫ് | 3 | 60,000/- |
| കൈനടി | 3 | 45,000/- |
| കരുമാടി | 3 | 50,000/- |
| **ആകെ** | **156** | **10,63,000/-** |

## (D) അതിരൂപതാ ഭവനനിർമ്മാണ പദ്ധതി *(2020 ജനുവരി-ജൂൺ)*

| *ഇടവക* | *ഗുണഭോക്താക്കൾ* | *ഗഡു* | *തുക* |
|---|---|---|---|
| സെന്റ് തെരേസാസ് കാവാലം | 3 | 1 | 95,000/- |
| പുന്നക്കുന്നം | 1 | 1 | 50,000/- |
| കുട്ടമംഗലം | 1 | 1 | 40,000/- |
| അറുന്നൂറ്റിൻപാടം | 3 | 1 | 1,75,000/- |
| പുഴവാത് | 2 | 1,2 | 1,40,000/- |
| കൈനകരി | 5 | 1 | 2,30,000/- |
| ചമ്പക്കുളം | 3 | 1,2 | 1,50,000/- |
| പുല്ലങ്ങടി | 2 | 2 | 85,000/- |
| മിത്രക്കരി | 1 | 1,2 | 1,25,000/- |
| ചങ്ങംകരി | 1 | 1,2 | 1,25,000/- |
| ഒന്നാംകര | 1 | 1 | 30,000/- |
| കാവാലം ലിസ്യൂ | 1 | 1 | 25,000/- |
| കുമാരനല്ലൂർ | 1 | 1 | 50,000/- |
| മായം | 3 | 1 | 1,50,000/- |
| പച്ചക്കാട് | 1 | 1 | 50,000/- |
| തടിയൂർ | 1 | 1 | 1,00,000/- |

| | | | |
|---|---|---|---|
| കണ്ണാടി സെന്റ് റീത്താസ് | 1 | 1 | 50,000/- |
| വടക്കേഅമിച്ചകരി | 1 | 1 | 25,000/- |
| പടഹാരം | 1 | 1 | 50,000/- |
| മുട്ടാർ ഓൾഡ് | 1 | 1 | 50,000/- |
| **ആകെ** | **34** | | **17,95,000/-** |

**(E) ചാസ് ഭവനനിർമ്മാണ പദ്ധതി *(2020 ജനുവരി- ജൂൺ)***

| *ഇടവക* | *ഗുണഭോക്താക്കൾ* | *ഗഡു* | *തുക* |
|---|---|---|---|
| തോട്ടുവാത്തല | 2 | 1,2,3 | 1,50,000/- |
| പള്ളാത്തുരുത്തി | 1 | 1,2 | 1,75,000/- |
| കിഴക്കേമിത്രക്കരി | 2 | 1,3 | 1,25,000/- |
| വടക്കേഅമിച്ചകരി | 3 | 1,2,3 | 5,35,000/- |
| മാമ്പുഴക്കരി | 1 | 2 | 1,50,000/- |
| കൊടുപ്പുന്ന | 2 | 1,2,3 | 3,40,000/- |
| കൈനകരി | 4 | 1,2 | 2,65,000/- |
| രാമങ്കരി | 1 | 4 | 10,000/- |
| കൊണ്ടാക്കൽ | 2 | 1,2 | 125,000/- |
| കാവാലം സെന്റ് തെരേസാസ് | 1 | 1 | 50,000/- |
| എടത്വാ | 3 | 1,2 | 1,70,000/- |
| ചമ്പക്കുളം | 2 | 1 | 1,10,000/- |
| പുല്ലങ്ങടി | 3 | 1,2 | 1,10,000/- |
| പാദുവാപുരം | 2 | 2,3 | 1,00,000/- |
| ചീരംചിറ | 1 | 1,2 | 20,000/- |
| പുളിംകുന്ന് | 2 | 1 | 90,000/- |
| പടഹാരം | 1 | 1,2,3 | 1,20,000/- |
| പുന്നക്കുന്നം | 1 | 1,2 | 75,000/- |
| വേഴപ്രാ | 2 | 1,2 | 1,40,000/- |
| പച്ച-ചെക്കിടിക്കാട് | 2 | 3 | 1,00,000/- |
| പാണ്ടി | 1 | 3 | 50,000/- |
| കൂലിപ്പുര | 1 | 2 | 40,000/- |
| മണലാടി | 2 | 3,4 | 2,00,000/- |
| മിത്രക്കരി | 3 | 1,2 | 1,80,000/- |
| മുട്ടാർ ഓൾഡ് | 2 | 2,3 | 1,00,000/- |
| വെളിയനാട് | 1 | 4 | 5,000/- |
| കൈതവന | 2 | 1,2,3 | 2,35,000/- |
| ആര്യാട് | 1 | 2,3 | 1,25,000/- |
| ചങ്ങംകരി | 2 | 2,3 | 2,30,000/- |
| കുമരകം വടക്കുംകര | 2 | 1 | 1,50,000/- |
| മാമ്പുഴക്കരി | 1 | 2,3 | 1,50,000/- |
| തെക്കേക്കര | 1 | 2 | 1,00,000/- |
| പെരുംകാവ് | 1 | 1,2 | 61,000/- |

| | | | |
|---|---|---|---|
| നസ്രത്ത് | 1 | 2 | 75,000/- |
| കാവാലം ലിസ്യൂ | 2 | 2 | 75,000/- |
| പെരുംകാവ് | 1 | 1,2 | 55,000/- |
| കാവാലം സെന്റ് ജോസഫ്സ് | 1 | 1 | 1,00,000/- |
| കൈനടി | 2 | 1,2 | 70,000/- |
| ഫിൽഗിരി | 2 | 1 | 30,000/- |
| കുമരകം | 1 | 3 | 75,000/- |
| വെട്ടിതുരുത്ത് | 1 | 2 | 5,000/- |
| **ആകെ** | **69** | | **50,71,000/-** |

**(F) ചാസ് ശൗചാലയ നിർമ്മാണം *(2020 ജനുവരി-ജൂൺ)***

| ***ഇടവക*** | ***ഗുണഭോക്താക്കൾ*** | ***ഗഡു*** | ***തുക*** |
|---|---|---|---|
| കരുവാറ്റ | 1 | 2 | 5,000/- |
| യൂദാപുരം | 1 | 1,2 | 20,000/- |
| വെട്ടിതുരുത്ത് | 1 | 1 | 15,000/- |
| പുല്ലങ്ങടി | 1 | 1 | 15,000/- |
| അറുന്നൂറ്റിൻപാടം | 1 | 1 | 15,000/- |
| ചീരംചിറ | 1 | 1 | 15,000/- |
| **ആകെ** | **6** | | **85,000/-** |

**(G) നവജീവൻ പ്രളയാനന്തര പുനരധിവാസ പദ്ധതി** (Caritas Germany Livelihood Restoration for Most Backward Dalit (SC/ST) Communities in Alappuzha)

പ്രളയാനന്തര കുട്ടനാട് പുനരധിവാസ പദ്ധതിയുടെ ഭാഗമായി കാരിത്താസ് ജർമനിയുടെ സഹകരണത്തോടെ ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം, വെളിയനാട് ബ്ലോക്കുകളിൽ ഉൾപ്പെട്ട രാമങ്കരി, വെളിയനാട്, കൈനകരി, കാവാലം, പുളിംകുന്ന്, എടത്വാ, മുട്ടാർ ഗ്രാമപഞ്ചായത്തുകളിലെ 250 ദളിത്, SC/ST കുടുംബങ്ങൾക്ക് വിവിധ ജീവനോപാധി (livelihood) കൾക്കും കൃഷിക്കുമുള്ള സാമ്പത്തികസഹായം നൽകി. പള്ളികൂട്ടുമ്മ, മുട്ടാർ, കണ്ണാടി, പുളിങ്കുന്ന് യൂണിറ്റുകളിൽ വച്ച് വിതരണ പരിപാടികൾ സംഘടിപ്പിച്ചു.

| ***യൂണിറ്റ്*** | ***ഗുണഭോക്താക്കൾ ജീവനോപാധി*** | ***യൂണിറ്റ്*** | ***ഗുണഭോക്താക്കൾ കൃഷി*** |
|---|---|---|---|
| കൈനകരി | 10 | ചേന്നംകരി | 16 |
| അറുന്നൂറ്റിൻപാടം | 12 | എടത്വാ | 10 |
| കിടങ്ങറ | 5 | മുട്ടാർ ഓൾഡ് | 10 |
| കുമരങ്കരി | 6 | മുട്ടാർ CMI | 6 |
| കൈനടി | 5 | പുതുക്കരി | 5 |
| ഈര | 5 | കായൽപ്പുറം | 25 |
| മാമ്പുഴക്കരി | 8 | പുളിങ്കുന്ന് | 4 |

| | |
|---|---|
| വേഴപ്രാ | 5 |
| പള്ളിക്കൂട്ടുമ്മ | 19 |
| മണലാടി | 11 |
| വെളിയനാട് സെന്റ് സേവ്യഴ്സ് | 13 |
| രാമങ്കരി | 9 |
| കാവാലം സെന്റ് തെരേസാസ് | 10 |
| കണ്ണാടി സെന്റ് റീത്താസ് | 15 |
| കാവാലം സെന്റ് ജോസഫ്സ് | 17 |
| **ആകെ** | **150** |

| | |
|---|---|
| കാവാലം സെന്റ് ജോസഫ്സ് | 12 |
| കണ്ണാടി സെന്റ് റീത്താസ് | 12 |
| **ആകെ** | **100** |

**(a) കോഴി, ആട് വളർത്തൽ പരിശീലനവും സഹായധനവിതരണവും**

പള്ളിക്കൂട്ടുമ്മ പാരീഷ് ഹാളിൽവച്ച് ഫെബ്രുവരി 24 ന് രാവിലെ



10 മുതൽ സംഘടിപ്പിച്ച പരിപാടിയിൽ വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. ബേബി ചെറിയാൻ കോഴിയും കൂടും/ആട് പദ്ധതി സഹായധനവിതരണത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ പദ്ധതിവിശദീകരണം നടത്തി. രാമങ്കരി ഗ്രാമപഞ്ചായത്ത് ഒന്നാം വാർഡ് മെമ്പർ ശ്രീ. സിബി ജോസഫ് അദ്ധ്യക്ഷതവഹിച്ചു. മൂന്നാം വാർഡ് മെമ്പർ ശ്രീ. ജോസഫ് ചേക്കോടൻ, യൂണിറ്റ് സെക്രട്ടറി ഡോ. തങ്കച്ചൻ ലൂക്കോസ്, പ്രോജക്ട് കോ-ഓർഡിനേറ്റർ ശ്രീ. ബേബി ജോസഫ് എന്നിവർ പ്രസംഗിച്ചു. 'മൃഗപരിപാലനം സുസ്ഥിര വരുമാനത്തിന്' എന്ന വിഷയത്തെ ആസ്പദമാക്കി ഡോ. ജേക്കബ് മാത്യു (തുരുത്തി മൃഗാശുപത്രി) ക്ലാസ് നയിച്ചു. പദ്ധതിയിൽ ഗുണഭോക്താവിന് 10 കോഴിയും ഹൈടെക് കൂടും/2 ആടുകൾ ലഭ്യമാക്കി

| *പദ്ധതി* | *ഗുണഭോക്താക്കൾ* | *തുക* |
|---|---|---|
| കോഴിയും കൂടും | 28 | 3,36,000/- |
| ആട് | 54 | 6,48,000/- |
| **ആകെ** | **82** | **9,84,000/-** |

**(b) കാർഷിക സെമിനാറും-സാമ്പത്തിക സഹായവിതരണവും**

മുട്ടാർ സെന്റ് ജോർജ്ജ് പാരീഷ്ഹാളിൽ വച്ച് ഫെബ്രുവരി 24 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 2 ന് കാർഷിക സെമിനാറും-സാമ്പത്തിക സഹായവിതണവും നടത്തി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. എബ്രഹാം തയ്യിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ മുട്ടാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എം. കെ. ജോസഫ് സഹായവിതരണം ഉദ്ഘാട



നം ചെയ്തു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ പദ്ധതി വിശദീകരണം നടത്തി. യൂണിറ്റ് സെക്രട്ടറി ശ്രീ. വി.എ. ജോസഫ്, ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പർ ശ്രീ. മാത്തുക്കുട്ടി മുണ്ടക്കൽ, പ്രോജക്ട് കോ-ഓർഡിനേറ്റർ ശ്രീ. ബേബി ജോസഫ്, എന്നിവർ പ്രസംഗിച്ചു. ജൈവകർഷകൻ ശ്രീ. എസ്.റ്റി. ചാക്കോ 'അടുക്കളതോട്ടം ആരോഗ്യസംരക്ഷണത്തിന്' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ക്ലാസ് നയിച്ചു.

**(c) കണ്ണാടി** സെന്റ് റീത്താസ് പാരീഷ് ഹാളിൽ വച്ച് കുട്ടനാട് പുനരധിവാസ പദ്ധതിയുടെ ഭാഗമായി ഫെബ്രുവരി 27 വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് കാർഷിക സെമിനാറും സാമ്പത്തിക സഹായവിതരണവും സംഘടിപ്പിച്ചു. ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ബിജു പാലത്തിങ്കൽ കർഷകർക്കുള്ള സഹായവിതരണത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. സിറിയക് പഴേമഠം അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ്



കളരിക്കൽ പദ്ധതി വിശദീകരണം നടത്തി. ശ്രീ. എസ്.റ്റി. ചാക്കോ സെമിനാർ നയിച്ചു. പ്രോജക്ട് കോ-ഓർഡിനേറ്റർ ശ്രീ. ബേബി ജോസഫ്, യൂണിറ്റ് പ്രസിഡന്റ് ശ്രീ. സജി പത്തിൽ, സെക്രട്ടറി ശ്രീ. ജോണി ജെ ഇടയാടി എന്നിവർ നേതൃത്വം നൽകി.

| *ഗുണഭോക്താക്കൾ* | *തുക* |
|---|---|
| 100 | 2,00,000/- |

**(d) സംരംഭകത്വ പരിശീലനവും സഹായധനവിതരണവും**

പുളിംകുന്ന് സെന്റ് മേരീസ് പാരീഷ് ഹാളിൽ ഫെബ്രുവരി 29 ശനിയാഴ്ച ഉച്ചകഴിഞ്ഞ് സംരംഭകത്വ ബോധവത്ക്കരണവും ഗുണഭോക്താക്കൾക്ക് സഹായധനവിതരണവും നടത്തി. പുളിംകുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ബെന്നിച്ചൻ മണ്ണംകരത്തറ സഹായധനവിതരണം ഉദ്ഘാടനം ചെയ്തു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ പദ്ധതി വിശദീകരണം നടത്തി. ചാസ് പ്രോഗ്രാം




ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി 'സ്വയം തൊഴിൽ സംരംഭങ്ങളും സാമ്പത്തിക സുരക്ഷയും' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ക്ലാസ് നയിച്ചു. പ്രോജക്ട് കോ-ഓർഡിനേറ്റർ ശ്രീ. ബേബി ജോസഫ്, മേഖലാ പ്രസിഡന്റ് ശ്രീ മാത്തുക്കുട്ടി കഞ്ഞിക്കര, യൂണിറ്റ് സെക്രട്ടറി ശ്രീ. കുഞ്ചറിയാ തോമസ്, ശ്രീ. ബാബു വടക്കേകളം എന്നവർ നേതൃത്വം നൽകി.

| *പദ്ധതി* | *ഗുണഭോക്താക്കൾ* | *തുക* |
|---|---|---|
| തയ്യൽ മെഷീൻ | 52 | 6,24,000/- |
| പെട്ടിക്കട | 10 | 1,20,000/- |
| വള്ളം | 3 | 36,000/- |
| മോൾഡ് | 1 | 12,000/- |
| വെൽഡിംഗ് മെഷീൻ | 2 | 24,000/- |
| **ആകെ** | **68** | **8,16,000/-** |



## തണൽ

### ചാസ് സഹായ പദ്ധതികൾ

ചാസിന്റെ വിവിധ സഹായ പദ്ധതികൾവഴി 2020 ജനുവരി -ജൂൺ മാസങ്ങളിൽ ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ.

### (1) SHG മരണാനന്തര സഹായം

| പേര് | സംഘം | യൂണിറ്റ് | മേഖല |
|---|---|---|---|
| 444. ജോസ് കുര്യൻ | സഹൃദയ | വില്ലൂന്നി | കുടമാളൂർ |
| 445. ജോർജ്ജ് തോമസ് | സ്നേഹദീപം | പുന്നത്തുറ | അതിരമ്പുഴ |
| 446. മറിയക്കുട്ടി വർക്കി | സമൃദ്ധി | നാൽപ്പാത്തിമല | അതിരമ്പുഴ |
| 447. മേരിക്കുട്ടി സിബി | ധന്യ | പാറേക്കടവ് | ചങ്ങനാശ്ശേരി |
| 448. സാറാമ്മ തോമസ് | ഉഷസ് | പായിപ്പാട് | തൃക്കൊടിത്താനം |
| 449. കുഞ്ഞമ്മ ആന്റണി | തേജസ് | കൊടുപ്പുന്ന | എടത്വാ |
| 450. കെ.കെ. ഗോപിനാഥൻ | അക്ഷയ | മൈലാടി | നെടുംകുന്നം |
| 451. നളിനി ഗോപാലൻ | സൗഭാഗ്യ | ചെറുവാണ്ടൂർ | അതിരമ്പുഴ |
| 452. ജെയിംസ് റ്റി. യു | അപർണ്ണ | പങ്ങട | കോട്ടയം |
| 453. തങ്കച്ചൻ കെ.ജെ. | സെന്റ് തോമസ് | നാൽപ്പാത്തിമല | അതിരമ്പുഴ |
| 454. റ്റി.ഒ. ജോൺ | സെന്റ് ജോസഫ്സ് | വടവാതൂർ | കോട്ടയം |
| 455. ജോസഫ് ജോസഫ് | അനശ്വര | വെട്ടിമുകൾ | അതിരമ്പുഴ |
| 456. അന്നക്കുട്ടി കുര്യൻ | ദിവ്യ | മണ്ണാർകുന്ന് | അതിരമ്പുഴ |
| 457. സി.വി. രവി | എയ്ഞ്ചൽ | ചേപ്പുംപാറ | കോട്ടയം |
| 458. സിന്ധു വേണുഗോപാൽ | അതുല്യ | പങ്ങട | കോട്ടയം |
| 459. ജെയിംസ് മാത്യു | മരിയൻ | കൂത്രപ്പള്ളി | നെടുംകുന്നം |
| 460. റോസിലി ജോൺ | മഹിമ | ആർപ്പൂക്കര | കുടമാളൂർ |

| | | | |
|---|---|---|---|
| 461. സരോജം തങ്കപ്പൻ | ജ്യോതിസ് | മായം | അമ്പൂരി |
| 462. വിക്രമൻ | രാജഗിരി | രാജഗിരി | അമ്പൂരി |
| 463. എലിസബത്ത് | സ്നേഹദീപം | എടത്വാ | എടത്വാ |
| 464. തോമസ് വർഗ്ഗീസ് | ജീവധാര | കോയിൽമുക്ക് | എടത്വാ |

**(2) മ്യൂച്വൽ ബെനിഫിറ്റ് സ്കീം**

**• മരണാനന്തരസഹായം**

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 343. റോസമ്മ ജോസഫ്, പാറയ്ക്കൽ | മുടിയൂർക്കര | കുടമാളൂർ |
| 344. റോസമ്മ എബ്രഹാം, തട്ടാരപ്പള്ളി | മുണ്ടുപാലം | തൃക്കൊടിത്താനം |
| 345. ഏലിക്കുട്ടി സേവ്യർ, പുത്തൻപറമ്പ് | പായിപ്പാട് | തൃക്കൊടിത്താനം |
| 346. ആന്റണി വള്ളവൻതറ | തകഴി | എടത്വാ |
| 347. സുനിതാ ബി. തെക്കേതോട്ടത്തിൽ | ഫിൽഗിരി | കൊല്ലം |
| 348. കെ.സി. ദേവസ്യാ കിഴക്കേഇളംതോട്ടം | കൂരോപ്പട | കോട്ടയം |
| 349. ജോർജ്ജ് തോമസ് കൊങ്ങാണ്ടൂർചാലയ്ക്കൽ | പുന്നത്തുറ | അതിരമ്പുഴ |
| 350. ആന്റണി തോമസ് വലിയവീട് | കൈനകരി | ആലപ്പുഴ |
| 351. ലിസമ്മ ബിനോയി കാരൂപ്പറമ്പിൽ | ചെറുവാണ്ടൂർ | അതിരമ്പുഴ |
| 352. അന്നമ്മ മാത്യു വടക്കേക്കുറ്റ് | കൂത്രപ്പള്ളി | നെടുംകുന്നം |
| 353. രത്നമ്മ ചന്ദ്രൻ പുന്നത്താവെളി | ചേപ്പുംപാറ | കോട്ടയം |
| 354. എം. ഡി. ദേവസ്യ മുണ്ടയ്ക്കൽ | മുട്ടാർ ഓൾഡ് | എടത്വാ |
| 355. അന്നമ്മ തോമസ് ചക്കിട്ടപ്പറമ്പ് | മുട്ടാർ ഓൾഡ് | എടത്വാ |
| 356. സതീഷ് കെ. സതി ഭവൻ | രാജഗിരി | അമ്പൂരി |
| 357. കുഞ്ഞമ്മ ആന്റണി കന്യാക്കോണിൽ | കൊടുപ്പുന്ന | എടത്വാ |
| 358. ജോസഫ് കെ.റ്റി. കുന്നംകരി | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 359. മറിയക്കുട്ടി വർക്കി പൊടിമറ്റം | നാൽപ്പാത്തിമല | അതിരമ്പുഴ |
| 360. തോമസ് പി.ഡി. വെച്ചൂകണ്ടം | ഐക്കരച്ചിറ | കുടമാളൂർ |
| 361. ടോമി തോമസ്, തടമുറിയിൽ | ചേപ്പുംപാറ | കോട്ടയം |
| 362. ഫിലിപ്പ് ആന്റണി, കാച്ചാംകോട് | ഇത്തിത്താനം | ചങ്ങനാശ്ശേരി |
| 363. എബി തോമസ് | മണ്ണാർകുന്ന് | അതിരമ്പുഴ |
| 364. മിനി ജോസ് മാടയ്ക്കശ്ശേരിയിൽ | മുട്ടാർ ഓൾഡ് | എടത്വാ |
| 365. ദേവസ്യാ ഇഗ്നേഷ്യസ് രണ്ടരപ്പറ | പച്ച-ചെക്കിടിക്കാട് | എടത്വാ |
| 366. മറിയമ്മ തോമസ് കണ്ടത്തിപറമ്പിൽ | പച്ച-ചെക്കിടിക്കാട് | എടത്വാ |
| 367. ഒ.റ്റി. സജികുമാർ ഒറ്റപ്പുരയ്ക്കൽ | മൈലാടി | നെടുകുന്നം |
| 368. ജോസഫ് സാബു പുരയ്ക്കൽ | പായിപ്പാട് | തൃക്കൊടിത്താനം |
| 369. പൊന്നമ്മ വടക്കത്തുപറമ്പിൽ | നാൽപ്പാത്തിമല | അതിരമ്പുഴ |
| 370. സൈനബ കബീർ ഇഞ്ചികാലായിൽ | നാൽപ്പാത്തിമല | അതിരമ്പുഴ |
| 371. അന്നക്കുട്ടി കുര്യൻ മാടപ്പള്ളിയിൽ | മണ്ണാർകുന്ന് | അതിരമ്പുഴ |
| 372. സി.വി. രവി മാണിക്യക്കുന്നേൽ | ചേപ്പുംപാറ | കോട്ടയം |
| 373. ശോശാമ്മ തോമസ്, കരിമലയിൽ | നെടുമണ്ണി | നെടുംകുന്നം |
| 374. സുലേഖ ബീവി, വെങ്ങാവിള | ഫിൽഗിരി | കൊല്ലം |
| 375. നബീസാ ബീവി, സലിംമൻസിൽ | ഫിൽഗിരി | കൊല്ലം |
| 376. ജോയി ജോസഫ്, ചകിരിയാറ്റുംതടത്തിൽ | വെട്ടിമുകൾ | അതിരമ്പുഴ |
| 377. ജോർജ്ജ് ജോസഫ് തൊട്ടിയിൽ | വെട്ടിമുകൾ | അതിരമ്പുഴ |
| 378. മറിയം തോമസ് മലക്കീൽ | ചേപ്പുംപാറ | കോട്ടയം |

| | | |
|---|---|---|
| 379. റ്റി.റ്റി. ജോസഫ് തുണ്ടത്തിൽ | ചേപ്പുംപാറ | കോട്ടയം |
| 380. റോസമ്മ തോമസ് സ്രാമ്പിക്കൽ | പായിപ്പാട് | തൃക്കൊടിത്താനം |

• **ചികിത്സാസഹായം**

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 179. ആൻസി ജോസ് കളത്തിൽ | ഫാത്തിമാപുരം | തൃക്കൊടിത്താനം |
| 180. സോമൻ കോട്ടമുറി | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 181. ചിന്നമ്മ കേശവൻ പുതുപ്പറമ്പ് | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 182. സുമാംഗി ബാബു മധുപുറം | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 183. അന്നമ്മ വർഗ്ഗീസ് നാഗോലിൽ | കുളത്തൂർ | മണിമല |
| 184. ലില്ലിക്കുട്ടി ഇട്ടിയവിര, തൂമ്പുങ്കൽ | ഫാത്തിമാപുരം | തൃക്കൊടിത്താനം |
| 185. ജോയിസ് റബാറിയോ, ചെമ്മാത്തുപുരയിടം | ആറാട്ടുവഴി | ആലപ്പുഴ |
| 186. കെ.എം. ചാക്കോ കൊല്ലംപറമ്പിൽ | ഐക്കരച്ചിറ | കുടമാളൂർ |
| 187. സഫീന നിസാരിമൻസിൽ | ആറാട്ടുവഴി | ആലപ്പുഴ |
| 188. ഹസീന അലി അന്തേക്കുപറമ്പ് | ആറാട്ടുവഴി | ആലപ്പുഴ |
| 189. കബീർ അന്തേക്കുപറമ്പ് | ആറാട്ടുവഴി | ആലപ്പുഴ |
| 190. ജോയിസ് റിബാറിയോ | ആറാട്ടുവഴി | ആലപ്പുഴ |

## (3) ജീവകാരുണ്യനിധി

ജീവകാരുണ്യനിധിയിൽനിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2020 ജനുവരി-ജൂൺ മാസങ്ങളിൽ 95 ഇടവകകളിൽ നിന്നും ബഹു. വികാരിയച്ചന്മാരുടെ ശുപാർശപ്രകാരം 204 അപേക്ഷകർക്ക് 3,11,960/- രൂപ നൽകി.

## (4) ആരോഗ്യ ഇൻഷുറൻസ് പദ്ധതി

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ 2020 ജനുവരി-ജൂൺ മാസങ്ങളിൽ 11 കുടുംബങ്ങൾക്ക് ചികിത്സാ ചെലവിനത്തിൽ 84,101/- രൂപ അനുവദിച്ചു.

| *പേര്* | *യൂണിറ്റ്* | *തുക* |
|---|---|---|
| 1. മാനുവേൽ, കൊടുകംചിറ | വില്ലൂന്നി | 6,440/- |
| 2. ജോസഫ് ലോബോ, തുണ്ടിപറമ്പിൽ | തൃക്കൊടിത്താനം | 9,025/- |
| 3. ലിസമ്മ മാത്യു മുര്യൻകാവുങ്കൽ | കുറുമ്പനാടം | 5,075/- |
| 4. മാത്യു ജോസഫ് മാവേലിക്കളം | വേഴപ്രാ | 10,250/- |
| 5. സോജൻ തോമസ് ചെറുകുണ്ടൂർ | പാറേൽ | 6975/- |
| 6. റോയി ജോസഫ് കുടകശ്ശേരിൽ | ചെത്തിപ്പുഴ | 6350/- |
| 7. ജോസഫ് സെബാസ്റ്റ്യൻ, കിഴക്കേപറമ്പിൽ | പാറേക്കടവ് | 9220/- |
| 8. എൽസമ്മ ജോസഫ് വാണിയപ്പുരയ്ക്കൽ | തുരുത്തി | 6120/- |
| 9. ജോബ് കെ.ജെ. കരികണ്ടത്തിൽ | കുറുമ്പനാടം | 9515/- |
| 10. ബിനുജോസഫ് വാലുപറമ്പിൽ | രാമങ്കരി | 5996/- |
| 11. ഷെറിൽ ചാക്കോ, മുട്ടം | പനയമ്പാല | 9225/- |

## (5) സേവ് എ ഫാമിലി പ്ലാൻ (SAFP)

2020 ജനുവരി - ജൂൺ മാസങ്ങളിൽ 18 കുടുബങ്ങൾക്ക് 1,90,894/- രൂപ സഹായധനം അനുവദിച്ചു.

# കേന്ദ്രവാർത്തകൾ

**മേഖലാ PME**

ജനുവരി 6, 7, 9 തീയതികളിൽ ഉച്ചകഴിഞ്ഞ് 2.30 ന് കേന്ദ്ര ഓഫീസിൽ യൂണിറ്റുകൾ സംഭരിച്ച മൈക്രോഫിനാൻസ് നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ A,B,C,D ഗ്രേഡുകളായി തിരിച്ച് യൂണിറ്റുകളുടെ നാളിതുവരെയുള്ള പ്രവർത്തനം വിലയിരുത്തി. 17-ാം തീയതി വെള്ളിയാഴ്ച ചമ്പക്കുളം, പുളിംകുന്ന് മേഖലകളിലും PME സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി, ഓഡിറ്റർ ശ്രീ കെ.സി. ജോർജ്ജ്, മേഖലാ കോ-ഓർഡിനേറ്റർമാരായ ശ്രീ. ബിനു ജോസഫ്, ശ്രീ. എൻ.ഐ. തോമസ് എന്നിവർ തുടർപ്രവർത്തനത്തിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി.

**ഊർജ്ജസംരക്ഷണ ബോധവത്ക്കരണം**




സംസ്ഥാന എനർജി മാനേജ്മെന്റ് സെന്ററിന്റെ നിർദ്ദേശാനുസരണം ചാസിന്റെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർക്കായി ഊർജ്ജകിരൺ പദ്ധതി പ്രകാരം അർദ്ധദിന ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. ചാസ് സോഷ്യൽ സയന്റിസ്റ്റ് ഡോ. ജോസഫ് എബ്രഹാം ക്ലാസ് നയിച്ചു. കുട്ടിക്കാനം മരിയൻ കോളേജിലെയും, പരുമല സെന്റ് ഗ്രിഗോറിയോസ് കോളേജിലെയും എം.എസ്.ഡബ്ലിയു വിദ്യാർത്ഥിനികൾ പരിപാടികളുടെ ഏകോപനം നിർവഹിച്ചു.

| *തീയതി* | *സ്ഥലം* |
|---|---|
| 18.01.2020 | എടത്വാ ഗ്രാമപഞ്ചായത്ത് |
| 23.01.2020 | രാമങ്കരി ഗ്രാമപഞ്ചായത്ത് |
| 24.01.2020 | മുട്ടാർ ഗ്രാമപഞ്ചായത്ത് |
| 27.01.2020 | വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് |
| 28.01.2020 | പുളിംകുന്ന്, വാകത്താനം ഗ്രാമപഞ്ചായത്തുകൾ |
| 29.01.2020 | മുഹമ്മ ഗ്രാമപഞ്ചായത്ത് |
| 30.01.2020 | മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് |
| 31.01.2020 | നെടുംകുന്നം ഗ്രാമപഞ്ചായത്ത് |
| 03.02.2020 | തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത് |

| | |
|---|---|
| 04.02.2020 | കുറിച്ചി ഗ്രാമപഞ്ചായത്ത് |
| 05.02.2020 | മാടപ്പള്ളി ഗ്രാമപഞ്ചായത്ത് |
| 06.02.2020 | കറുകച്ചാൽ ഗ്രാമപഞ്ചായത്ത് |
| 14.02.2020 | കൈനകരി ഗ്രാമപഞ്ചായത്ത് |

**ലഹരി വിരുദ്ധ സെമിനാർ**

കേന്ദ്രഗവൺമെന്റിന്റെ സാമൂഹിക നീതി ശാക്തീകരണ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ ഡിഫൻസിന്റെ (NISD) യും, നാഷണൽ ആക്ഷൻ പ്ലാൻ ഫോർ ഡ്രഗ് ഡിമാന്റ് റിഡക്ഷന്റെ (NAPDDR) യും സഹായത്തോടെ ചങ്ങനാശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി (CHASS) യുടെ റീജണൽ റിസോഴ്സ് ആന്റ് ട്രെയിനിംഗ് സെന്റർ ലഹരി വിപത്തിനെതിരെ താഴെപ്പറയുന്ന സ്ഥലങ്ങളിൽ ബോധവത്ക്കരണ ക്ലാസ്, ഫിലിം പ്രദർശനം എന്നിവ ക്രമീകരിച്ചു. ഫാ. തോമസ് കുളത്തുങ്കൽ, റ്റി.എം. മാത്യു തച്ചിലേട്ട്, സിസ്റ്റർ സെൽമ SRA, ലിറ്റിമോൻ എം.എസ് എന്നിവർ ക്ലാസിന് നേതൃത്വം നൽകി.

| *തീയതി* | *സ്ഥലം* | *പങ്കെടുത്തവർ* |
|---|---|---|
| ഡിസം. 27 | കുളത്തൂർ (SHG) | 53 |
| ഡിസം. 28 | അറുന്നൂറ്റിൻപാടം (SHG) | 51 |
| ഡിസം. 29 | കൈനകരി (SHG) | 54 |
| ഡിസം. 30 | സെന്റ് മേരീസ് ഹൈസ്കൂൾ, കെനകരി | 100 |
| ഡിസം. 31 | പുറക്കാട് (SHG) | 51 |
| 2020 ജനു. 01 | കരിമ്പനക്കുളം (SHG) | 52 |
| ജനു. 03 | കങ്ങഴ (Muslim HSS) | 100 |
| ജനു. 03-05 | കോപ്പ്ടാക് (IRCA Nurses & ward boys) | 25 |
| ജനു. 04 | ആറാട്ടുവഴി (SHG) | 53 |
| ജനു. 06 | കറുകച്ചാൽ (NSS. Higher secondary school) | 100 |
| ജനു. 09 | മണ്ണാർകുന്ന് (SHG) | 56 |
| ജനു. 10 | ഏറ്റുമാനൂർ (Govt. HSS) | 100 |
| ജനു. 11 | മണിമല (St. George HSS) | 100 |
| ജനു. 13-17 | പാസ്റ്ററൽ സെന്റർ (RCA Counsellers & project directors) | 25 |
| ജനു. 13 | വയല (Govt. HSS) | 100 |
| ജനു. 13 | കാട്ടാക്കട (Christian College) | 205 |
| ജനു. 14 | കരുകോൺ, കൊല്ലം (Govt. HSS) | 100 |
| ജനു. 14 | മൈലച്ചൽ, തിരുവനന്തനപുരം (Govt. HSS) | 112 |
| ജനു. 15 | മായം (SHG) | 50 |
| ജനു. 16 | കൊല്ലം (Mar Thoma HS) | 100 |
| ജനു. 16 | തിരുവനന്തപുരം (LMS HSS,) | 101 |
| ജനു. 16 | ചമ്പക്കുളം, പോരൂക്കര (CMI College) | 200 |

| | | |
|---|---|---|
| ജനു. 16 | ചമ്പക്കുളം (St. Mary's HSS) | 100 |
| ജനു. 17 | കൊല്ലം (All Saints HS) | 100 |
| ജനു. 17 | അമ്പൂരി (St. Thomas HSS) | 113 |
| ജനു. 18–19 | നാലുകോടി (St. Rita's School of Nursing students) | 35 |
| ജനു. 21 | കെ.ജി. കോളേജ്, പാമ്പാടി | 206 |
| ജനു. 21 | സാന്റാ മരിയ പബ്ളിക് സ്കൂൾ, കൂരോപ്പട | 131 |
| ജനു. 27 | Leo XIII H.S., Alappuzha | 100 |
| ജനു. 28 | St.  Gregorios College of Social Science, Parumala | 33 |
| ജനു. 29 | St. Aloysius college, Edathua | 200 |
| ജനു. 30 | CCM, HSS, Karikkattoor | 100 |
| ജനു. 31 | Leo XIII H.S.S, Alappuzha | 100 |
| ഫെബ്രു. 3 | Little flower HS, Kavalam | 123 |
| ഫെബ്രു. 4 | St. Josph's HS, Pulincunnu | 100 |
| ഫെബ്രു. 5 | Little flower HS, Kavalam | 146 |
| ഫെബ്രു. 6 | St. Xavier's H.S, Mithrakary | 104 |
| ഫെബ്രു. 7 | Mar Gregorios college, Punnapra | 200 |
| ഫെബ്രു. 14 | Carmal poly technic college, punnapra | 200 |
| ഫെബ്രു. 15 | Kudamaloor Unit (SHG) | 50 |
| ഫെബ്രു. 15 | Mudiyoorkara Unit (SHG) | 50 |
| ഫെബ്രു. 19 | SD College, Sanathanapuram | 200 |

**CBR പദ്ധതിയിൽ പേപ്പർ ക്യാരിബാഗ് & പേപ്പർ പേന നിർമ്മാണ പരിശീലനം**




ഭിന്നശേഷിക്കാർക്കുള്ള സ്വയംതൊഴിൽ പദ്ധതിയുടെ ഭാഗമായി ജനുവരി 22 ന് ചാസ് കേന്ദ്ര ഓഫീസിൽ പേപ്പർ ക്യാരിബാഗ് & പേപ്പർ പേന എന്നിവയുടെ നിർമ്മാണത്തിന് ശ്രീമതി ബിന്ദു സിബി പരിശീലനം നൽകി. 10 അംഗങ്ങൾ പങ്കെടുത്തു. CBR കോഓർഡിനേറ്റർ ശ്രീമതി ഷീബാ സന്തോഷ് നേതൃത്വം നൽകി.

**കുടനിർമ്മാണപരിശീലനം**

ഭിന്നശേഷിക്കാരയ കുട്ടികളുടെ മാതാപിതാക്കൾക്കായി ജനുവരി

22 ന് 12–ാം മൈലിൽ പ്രവർത്തിക്കുന്ന BRS ൽ വച്ച് ചാസ് സ്റ്റാഫ് ശ്രീമതി ഗ്രയ്സമ്മ ജോസഫിന്റെ നേതൃത്വത്തിൽ കുടനിർമ്മാണ ത്തിൽ പരിശീലനം നൽകി. 32 അംഗങ്ങൾ പങ്കെടുത്തു.

**വാക്കത്തോൺ സംഘടിപ്പിച്ചു**




വർദ്ധിച്ചുവരുന്ന കാൻസർരോഗത്തിനെതിരെ അണിനിരക്കാൻ ആഹ്വാനം ചെയ്തുകൊണ്ട് ലോക കാൻസർ ദിനാചരണത്തോട നുബന്ധിച്ച് ഫെബ്രുവരി 4 ന് ചാസിന്റെ ആഭിമുഖ്യത്തിൽ, കാരി ത്താസ് ഇൻഡ്യ, അസംപ്ഷൻ കോളേജ് എന്നിവയുടെ സഹകര ണത്തോടെ വാക്കത്തോൺ സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷതവഹിച്ചു. മുനിസിപ്പൽ ചെയർമാൻ ലാലിച്ചൻ കുന്നിപ്പറമ്പിൽ വാക്കത്തോൺ ഫ്ളാഗ് ഓഫ് ചെയ്തു. അസംപ്ഷൻ കോളേജ് പ്രിൻസിപ്പൽ സി. ചെറുകുസുമം CMC, ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ എന്നിവർ പ്രസംഗി ച്ചു. സെന്റ് ജോസഫ്സ് ഗേൾസ് ഹൈസ്കൂളിലേയും അസംപ്ഷൻ കോളേജിലേയും അധ്യാപകരും, വിദ്യാർത്ഥികളും പങ്കെടുത്തു.

**കാൻസർ സർവൈവേഴ്സ് മീറ്റ്**




ചാസിന്റെ നേതൃത്വത്തിൽ കാരിത്താസ് ഇൻഡ്യയുടെ സഹ

കരണത്തോടെ നടപ്പാക്കുന്ന ആശാകിരണം കാൻസർ സുരക്ഷാ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച കാൻസർ രോഗികളുടെയും രോഗത്തെ അതിജീവിച്ച് ജീവിതം നയിക്കുന്നവരുടെയും സംഗമം ഫെബ്രുവരി 12 ന് ചാസ് കോൺഫറൻസ് ഹാളിൽ ബിഷപ്പ് മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്തു. സംഗമത്തിൽ വികാരി ജനറാൾ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ അദ്ധ്യക്ഷതവഹിച്ചു. പ്രസിദ്ധ കാൻസർ രോഗവിദഗ്ധൻ ഡോ. എസ് പരമേശ്വരൻ കാൻസർ രോഗികളുമായി സംവാദം നടത്തി. രോഗത്തിൽ നിന്നും മുക്തിനേടിയവർ അനുഭവങ്ങൾ പങ്കുവച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി എന്നിവർ പ്രസംഗിച്ചു. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിലെ നേഴ്സിംഗ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ സ്കിറ്റ് അവതരിപ്പിച്ചു.

**ചാസ് 'സ്ഫൂർത്തി' ഹണി മിഷൻ പദ്ധതി**

ചാസ് കേന്ദ്ര ഖാദിഗ്രാമവ്യവസായകമ്മീഷന്റെ സഹായത്തോടെ കൊല്ലം, തിരുവനന്തപുരം, പത്തനംതിട്ട ജില്ലകളിലെ 700 ഓളം തേനീച്ച കർഷകരെ ഉൾപ്പെടുത്തിക്കൊണ്ട് നടപ്പിലാക്കുന്ന 'സ്ഫൂർത്തി' ഹണി മിഷൻ പദ്ധതി ആരംഭിച്ചു. ഇതിനോടകം ബോധവത്ക്കരണക്ലാസും, ഡേറ്റാശേഖരണവും, സ്വാശ്രയസംഘരൂപീകരണവും പൂർത്തിയാക്കി. 2020 ഫെബ്രുവരി 11, 12 തീയതികളിൽ കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ തേനീച്ച കർഷകരുടെ സർവ്വേ (DSR) റിപ്പോർട്ടിന്റെ പരിശോധനയ്ക്കായി പൂന സെൻട്രൽ ഹണി റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് കൺസൾട്ടന്റ് ശ്രീ. ജെ.കെ. ലെനിൻ വിവിധ യൂണിറ്റുകൾ സന്ദർശിക്കുകയും വിലയിരുത്തുകയും ചെയ്തു. അമ്പൂരി ഫൊറോനാ വികാരി വെരി. റവ. ഫാ. ജോസഫ് ചൂളപ്പറമ്പിൽ, കൊല്ലം ഫൊറോനാ വികാരി വെരി. റവ. ഫാ. എബ്രഹാം കരിപ്പിങ്ങാംപുറം, തിരുവനന്തപുരം ഫൊറോനാ വികാരി വെരി. റവ.ഫാ. ജോസഫ് കൈതപ്പറമ്പിൽ, ചാസ് അസി. ഡയറക്ടർ ഫാ. ജോർജ്ജ് മാന്തുരുത്തിൽ എന്നിവർ പ്രസംഗിച്ചു. ഖാദി കമ്മീഷൻ bee keeping extension officer കെ. കണ്ണൻ ക്ലാസ് നയിച്ചു. മാനേജർ ശ്രീ. ജോൺ സക്കറിയാസ്, അസി. മാനേജർ ശ്രീ. ജോജോ കെ.സി. എന്നിവർ നേതൃത്വം നൽകി.

**Orientation on Key Strategic Pillars And Catholic Social Teachings**

കേരള സോഷ്യൽ സർവ്വീസ് ഫോറത്തിന്റെ നേതൃത്വത്തിൽ Orientation on Key Strategic Pillars And Catholic Social Teachings നെക്കുറച്ച് പരിശീലന പരിപാടി സംഘടിപ്പിച്ചു. ഫെബ്രുവരി 25 ന് ചാസ് കോൺഫറൻസ് ഹാളിൽ വികാരി ജനറാളും ചാസ് പ്രസിഡന്റുമായ വെരി. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ അദ്ധ്യ




ക്ഷതവഹിച്ചു. KSSF ഡയറക്ടർ റവ. ഫാ. ജോർജ്ജ് വെട്ടുകാട്ടിൽ ഉദ്ഘാടനം ചെയ്തു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി, KSSF ടീം ലീഡർ ശ്രീ. ജോബി മാത്യു എന്നിവർ പ്രസംഗിച്ചു. റവ. ഫാ. ജോർജ്ജ് വെട്ടുകാട്ടിൽ, KSSF പ്രോഗ്രാം ഓഫീസർ റവ. സി. ജെസീന SRA എന്നിവർ ക്ലാസ് നയിച്ചു. ഫോറത്തിൽ കഴിഞ്ഞ 6 വർഷക്കാലം സ്തുത്യർഹ സേവനം അനുഷ്ഠിച്ച് വിരമിക്കുന്ന ജോർജ്ജ് വെട്ടുകാട്ടിലച്ചനെ വികാരി ജനറാൾ പൊന്നാടയണിയിച്ച് ആദരിച്ചു. ചാസ് ഡയറക്ടർ ബോർഡ് അംഗങ്ങൾ മേഖലാ ഭാരവാഹികൾ ചാസ് സ്റ്റാഫ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

**ഊർജ്ജ സംരക്ഷണ സെമിനാറും പ്രദർശനവും**

ചാസിന്റെ നേതൃത്വത്തിൽ ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്കയിൽ ഊർജ്ജസംരക്ഷണ സെമിനാറും പ്രദർശനവും ഫെബ്രുവരി 28 ന് സംഘടിപ്പിച്ചു. നെടുമുടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എം.കെ. ചാക്കോ ഉദ്ഘാടനം നിർവഹിച്ചു. ബസിലിക്ക റെക്ടർ ഫാ. ഏബ്രഹാം കാടാത്തുകളം അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ



ഫാ. ജോസഫ് കളരിക്കൽ, ഡോ. ജോസഫ് ഏബ്രഹാം, മേഖലാ കോ-ഓർഡിനേറ്റർ ശ്രീ. ബിനു ജോസഫ് എന്നിവർ പ്രസംഗിച്ചു. സോളർ എനർജിയെക്കുറിച്ച് അനെർട്ട് കോട്ടയം ജില്ലാ എൻജിനീയർ ഷീബാ ഫാത്തിമയും മാലിന്യസംസ്കരണത്തെപ്പറ്റി ക്ലീൻ കേരള എൻജിനീയർ ദിലീപ്കുമാറും ശുചിത്വമിഷൻ ജില്ലാ കോ-ഓർഡിനേറ്റർ ശ്രീ. ഫിലിപ്പ് ജോസഫും ക്ലാസ് നയിച്ചു.

**അന്താരാഷ്ട്ര വനിതാദിനാചരണവും സിബിആർ തുണിസഞ്ചി വിതരണോദ്ഘാടനവും**

അന്തരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് ചാസിന്റെ നേതൃത്വത്തിൽ വനിതാദിനാചരണം സംഘടിപ്പിച്ചു. മാർച്ച് 7 ശനിയാഴ്ച



കൂത്രപ്പള്ളി സെന്റ് മേരീസ് പാരീഷ് ഹാളിൽ സംഘടിപ്പിച്ച പരിപാടി സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ അംഗം അഡ്വ. ബിന്ദു എം. തോമസ് ഉദ്ഘാടനം ചെയ്തു. പായിപ്പാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സ്വപ്ന ബിനു അദ്ധ്യക്ഷത വഹിച്ചു. തദവസരത്തിൽ "No to Plastic' CBR പരിസ്ഥിതി സൗഹൃദ തുണിസഞ്ചിയുടെ വിതരണോദ്ഘാടനം നെടുംകുന്നം ഗ്രാമപഞ്ചായത്ത് ആക്ടിങ് പ്രഡിഡന്റ് ശ്രീമതി ഷൈലജകുമാരി എസ്. നിർവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, പ്രോഗ്രാം ഡയറക്ടർ ജോസ് പുതുപ്പള്ളി, യൂണിറ്റ് ഡയറക്ടർ ഫാ. എബ്രഹാം വെട്ടുവേലിൽ, ജനറൽ കൺവീനർ ജിൽസൺ മാത്യു, നെടുംകുന്നം മേഖലാ വൈസ് പ്രസിഡന്റ് കുസുമം ചാക്കോ, എന്നിവർ പ്രസംഗിച്ചു. വനിതാദിനാചരണത്തോടനുബന്ധിച്ച് 'സാമൂഹിക മാധ്യമങ്ങളും വനിതകളും' എന്ന വിഷയത്തിൽ റിട്ട. ഡിഎസ്പി ശ്രീ. ജേക്കബ് ജോബ് സെമിനാർ നയിച്ചു. ചാസ് വനിതാ ജനപ്രതിനിധികൾ, കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ്, സംരംഭകർ, നാല് മക്കളുള്ള അമ്മമാർ എന്നിവരെ ആദരിച്ചു. ഉപന്യാസം, കവിതാരചന, ഓലമെടച്ചിൽ, ചവുട്ടി നിർമ്മാണം, തേങ്ങാപൊതിക്കൽ എന്നീ മത്സരങ്ങളും സംഘടിപ്പിച്ചു.

**ബ്രേക്ക് ദ ചെയ്ൻ ബോധവത്ക്കരണവും സാനിറ്റൈസർ വിതരണവും**

കോവിഡ് 19 പകർച്ച വ്യാധിയെ പ്രതിരോധിക്കാൻ ചങ്ങനാശ്ശേരി




കെ.എസ്.ആർ.ടി.സി, നമ്പർ 1, നമ്പർ 2, ബസ് സ്റ്റാന്റുകളിൽ മാർച്ച് 23 ന് ബോധവൽക്കരണ ലഘുലേഖകളും സാനിറ്റൈസറും വിതരണം ചെയ്തു. ചങ്ങനാശ്ശേരി ട്രാഫിക് എസ്.ഐ. ശ്രീ. ഓമനക്കുട്ടൻ വി. കെ. പരിപാടി ഉത്ഘാടനം ചെയ്തു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ എന്നിവർ പ്രസംഗിച്ചു. കോ-ഓർഡിനേറ്റർമാരായ ശ്രീ. ബേബി ജോസഫ്, ശ്രീമതി ആൻസി ലോനിച്ചൻ, ശ്രീ സാജുമോൻ ജോസഫ്, കുമാരി ആശ വർഗ്ഗീസ്, കുമാരി നീനു മോട്ടിലാൽ എന്നിവർ നേതൃത്വം നൽകി.

**തൃക്കൊടിത്താനം :** കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ



ഭാഗമായി തൃക്കൊടിത്താനം പോലീസ് സ്റ്റേഷനിൽ ഏപ്രിൽ 3 ന് സാനിറ്റൈസർ വിതരണം ചെയ്തു. സബ് ഇൻസ്പെക്ടർ രാജേഷ് എൻ സാനിറ്റൈസർ ഏറ്റുവാങ്ങി.


**ചങ്ങനാശ്ശേരി :** കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ചങ്ങനാശ്ശേരി പോലീസ് സ്റ്റേഷനിൽ ഏപ്രിൽ 3 ന് സാനിറ്റൈസർ വിതരണം ചെയ്തു. സർക്കിൾ ഇൻസ്പെക്ടർ പ്രകാശ് കുമാർ കെ.ജെ. സാനിറ്റൈസർ ഏറ്റുവാങ്ങി.



**ചങ്ങനാശ്ശേരി:** താലൂക്ക് ജീവനക്കാർക്ക് സാനിറ്റൈസർ ഏപ്രിൽ 21 ന് വിതരണം ചെയ്തു.

**ഖാദി-കോട്ടൺ മാസ്ക് നിർമ്മാണം**

കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ചാസിന്റെ നേതൃത്വത്തിൽ കോട്ടൻ തുണി കൊണ്ടുള്ള മാസ്ക് നിർമ്മാണം



ആരംഭിച്ചു. ചാസിന്റെ കോപ്റ്റാക്ക് തയ്യൽ സെന്ററിലും മല്ലപ്പള്ളി ഖാദി കേന്ദ്രത്തിലും വീടുകളിലുമാണ് പരിസ്ഥിതി സൗഹൃദ ഖാദി കോട്ടൺതുണി ഉപയോഗിച്ചുള്ള മാസ്കുകൾ നിർമ്മിക്കുന്നത്. ഔദ്യോഗിക ഉദ്ഘാടനം കോട്ടയം ജില്ലാ കളക്ടർ ശ്രീ. സുധീർ ബാബു നിർവഹിച്ചു. ചാസ് കേന്ദ്ര ഓഫീസിലും കോട്ടയം ശാസ്ത്രീറോഡ്, ചങ്ങനാശ്ശേരി അരമനപ്പടി, മല്ലപ്പള്ളി, പള്ളിക്കൂട്ടുമ്മ എന്നിവടങ്ങളിലുള്ള ഖാദി- ഭവനുകളിലും മാസ്കുകൾ മിതമായ നിരക്കിൽ ലഭ്യമാണ്.

**അതിഥി തൊഴിലാളികൾക്ക് ഭക്ഷണക്കിറ്റൊരുക്കി സെമിനാരി വിദ്യാർത്ഥികൾ**

ചാസിന്റെ നേതൃത്വത്തിൽ വിവിധ പ്രദേശങ്ങളിൽ അതിഥി തൊഴിലാളികൾക്കു വേണ്ടി വൈദികവിദ്യാർത്ഥികൾ ഭക്ഷ്യ കിറ്റ് തയ്യാറാക്കി. ലോക്ക് ഡൗണിന്റെ പശ്ചാത്തലത്തിൽ സർക്കാർ നിബന്ധനയനുസരിച്ച് സമൂഹിക അകലം പാലിച്ചും സുരക്ഷിത സംവിധാനങ്ങൾ

സ്വീകരിച്ചുമാണ് ഫിലോസഫി/തിയോളജി വിദ്യാർത്ഥികൾ ചാസ് ഓഫീസിൽ പ്രവർത്തന നിരതരായത്. **പായിപ്പാട്, വെളിയനാട്, എടത്വാ, മുട്ടാർ** ഗ്രാമപഞ്ചായത്തുകളുടെ പരിധിയിൽപ്പെട്ട നൂറു കണക്കിനു അന്യസംസ്ഥാന തൊഴിലാളികൾക്കുള്ള കിറ്റുകളാണ് കാരിത്താസ് ഇൻഡ്യാ – കാത്തലിക് റിലീഫ് സർവീസസ് എന്നിവ യുടെ സഹകരണത്തോടെ ചാസ് വിതരണം ചെയ്തത്.

**പായിപ്പാട് അതിഥി തൊഴിലാളികൾക്ക് സഹായം**




**പായിപ്പാട്** പ്രദേശത്ത് താമസിക്കുന്ന നാലായിരത്തിലധികം അതിഥി തൊഴിലാളികൾക്ക് ഏപ്രിൽ 15 ന് ഭക്ഷ്യ വസ്തുക്കളും, സോപ്പുപൊ ടിയും ചാസ് വിതരണം ചെയ്തു. കാത്തലിക് റിലീഫ് സർവ്വീസസി ന്റെയും കാരിത്താസ് ഇൻഡ്യയുടെയും സഹായത്തോടെ സംസ്ഥാന സർക്കാരുമായി സഹകരിച്ചാണ് ചാസ് അതിഥി തൊഴിലാളികൾക്കു വേണ്ടി പദ്ധതി നടപ്പാക്കിയത്. ചങ്ങനാശ്ശേരി തഹസിൽദാർ ശ്രീമ തി ജിനു പുന്നൂസ്, ഡപ്യൂട്ടി തഹസിൽദാർ ശ്രീ പോൾ ജോസഫ് ലോബോ, വില്ലേജ് ഓഫീസർ ശ്രീമതി രേഖാ ജോബ് എന്നിവർ ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കലിൽ നിന്ന് അഞ്ച് ടൺ അരിയും സോപ്പുപൊടിയും എറ്റുവാങ്ങി. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സ്വപ്നാ ബിനു, വാർഡ് മെമ്പർ ശ്രീമതി ആനി എം ജോ സഫ് എന്നിവരും സന്നിഹിതരായിരുന്നു. ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോജക്ട് ഡയറക്ടർ ശ്രീ. ജോബി മാത്യു, ശ്രീ. സിബിച്ചൻ ഒട്ടത്തിൽ, ശ്രീ. ജിമ്മിച്ചൻ പറമ്പത്ത് എന്നി വർ ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കി.

**ഫുഡ് കിറ്റ് വിതരണം**

**വെളിയനാട്** ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഇരുപ തോളം ക്യാമ്പുകളിൽ കഴിയുന്ന നൂറ്റമ്പതിലധികം അന്യസംസ്ഥാന തൊഴിലാളികൾക്ക് ഏപ്രിൽ 16 ന് ചാസിന്റെ നേതൃത്വത്തിൽ ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തു. കാത്തലിക് റിലീഫ് സർവ്വീസസ്, കാരിത്താസ് ഇൻഡ്യാ എന്നിവയുടെ സഹകരണത്തോടെ അരി,




എണ്ണ, പയർ, പരിപ്പ്, കറിമസാലകൾ, പലവ്യഞ്ജനങ്ങൾ എന്നിവ അടങ്ങിയ കിറ്റുകളാണ് നൽകിയത്. വെളിയനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം. പി. സജീവ് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ ഔസേപ്പച്ചൻ ചെറുകാട് വില്ലേജ് ഓഫീസർ ഹരികൃഷ്ണശർമ്മ ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോജക്ട് ഡയറക്ടർ ശ്രീ. ജോബി മാത്യു എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

**എടത്വാ** ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിലെ പത്തോളം ക്യാമ്പുകളിൽ കഴിയുന്ന 52 അതിഥി തൊഴിലാളികൾക്ക് ചാസിന്റെ നേതൃത്വത്തിൽ ഏപ്രിൽ 23 ന് ഭക്ഷ്യധാന്യകിറ്റ് വിതരണം ചെയ്




തു. എടത്വാ സെന്റ് ജോർജ്ജ് ഫൊറോന വികാരി വെരി. റവ. ഫാ. മാത്യു ചൂരവടി ഉദ്ഘാടനം നിർവ്വഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷതവഹിച്ചു. അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ എടത്വാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ആനി ഈപ്പൻ സെക്രട്ടറി ശ്രീ. ജി. രാജേന്ദ്രൻ, വില്ലേജ് ഓഫീസർ, ശ്രീ. ആർ ശങ്കർ, ചാസ് പ്രോജക്ട് ഡയറക്ടർ ശ്രീ. ജോബി മാത്യു, എടത്വാ യൂണിറ്റ് പ്രസിഡന്റ് ശ്രീ. പി.എസ്. ടോമിച്ചൻ പറപ്പള്ളിൽ സെക്രട്ടറി ശ്രീ. ആന്റണി ജോസഫ് തുടങ്ങിയവർ സന്നിഹിതരായിരുന്നു.

**മുട്ടാർ** ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ താമസിപ്പിച്ചിരുന്ന 40 അതിഥി തൊഴിലാളികൾക്ക് ഏപ്രിൽ 23 ന് ഭക്ഷ്യധാന്യ കിറ്റ് വിതരണം ചെയ്തു. മുട്ടാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ.




എം.കെ. ജോസഫ് ഉദ്ഘാടനം ചെയ്തു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷതവഹിച്ചു. അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോജക്ട് ഡയറക്ടർ ശ്രീ. ജോബി മാത്യു, പഞ്ചായത്ത് മെമ്പർ ശ്രീ. ജോസ്ഫ് മാളിയേക്കൽ, ശ്രീ. ബോബൻ ജോസ് എന്നിവർ സന്നിഹിതരായിരുന്നു.

**കാൻസർ, കിഡ്നി രോഗികൾക്ക് ഫുഡ് കിറ്റ് വിതരണം**

ലോക്ക് ഡൗൺ മൂലം ക്ലേശിക്കുന്ന ആയിരത്തിലധികം നിർദ്ധനരായ കാൻസർ, കിഡ്നി രോഗികൾക്ക്  പലവ്യഞ്ജന കിറ്റുകൾ ചാസ് വിതരണം ചെയ്തു. സൗത്ത് ഇൻഡ്യൻ ബാങ്കിന്റെ സിഎസ്




ആർ പ്രവർത്തനവുമായി സഹകരിച്ചു നടപ്പിലാക്കിയ പദ്ധതിയുടെ ഉദ്ഘാടനം മെയ് 6-ാം തീയതി സൗത്ത് ഇൻഡ്യൻ ബാങ്ക് കോട്ടയം റീജണൽ മാനേജർ ശ്രീ. ഫ്രാൻസിസ് വി.ജെ. നിർവ്വഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷതവഹിച്ചു. അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോജക്ട് ഡയറക്ടർ ശ്രീ. ജോബി മാത്യു, സൗത്ത് ഇൻഡ്യൻ ബാങ്ക് ചങ്ങനാശ്ശേരി ബ്രാഞ്ച് മാനേജർ ശ്രീ. എഡ്വിൻ എ.ജെ., അസി. മാനേജർ അഖിൽ ജി നായർ തുടങ്ങിയവർ സന്നിഹിതരായിരുന്നു. ചങ്ങനാശ്ശേരി, തൃക്കൊടിത്താനം, കുറുമ്പനാടം, തുരുത്തി, നെടുംകുന്നം മേഖലകളിൽ 908 കിറ്റുകൾ ആദ്യഘട്ടമായി വിതരണം നടത്തി.

**'മൈക്രോ ബചത്ത്' പോളിസി ആരംഭിച്ചു**

LIC യുടെ പുതിയ മൈക്രോ ഇൻഷുറൻസ് പദ്ധതിയായ 'മൈ



ക്രോ ബചത്ത്' പോളിസിക്ക് മെയ് 15 ന് ആരംഭം കുറിച്ചു. ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ പുതിയ പോളിസികൾ LIC കോട്ടയം ഡിവിഷണൽ മാനേജർ ശ്രീ. കെ.സി. കെന്നഡിക്ക് കൈമാറി.

**'ലൗദത്തോസി' 5-ാം വാർഷികവും ലോക പരിസ്ഥിതി ദിനാചരണവും**

പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പയുടെ വിശ്വപ്രസിദ്ധമായ 'ലൗദത്തോസി' ചാക്രികലേഖനത്തിന്റെ അഞ്ചാമത് വാർഷികാചരണവും ലോക പരിസ്ഥിതിദിനാചരണവും ജൂൺ 5 ന് ചങ്ങനാശ്ശേരി മുനിസിപ്പൽ അങ്കണത്തിൽ ചാസ്, കേരള സോഷ്യൽ സർവ്വീസ് ഫോറം,



ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി, ചങ്ങനാശ്ശേരി പ്രസ്ക്ലബ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നടത്തപ്പെട്ടു. ചങ്ങനാശ്ശേരി അതിരൂപതാ ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം മുനിസിപ്പൽ അങ്കണത്തിൽ മാവിൻതൈനട്ട് പരിസ്ഥിതിദിനാചരണം ഉദ്ഘാടനം ചെയ്തു. ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി ആക്ടിംഗ് ചെയർമാൻ ശ്രീ. റ്റി.പി. അനിൽ കുമാർ അദ്ധ്യക്ഷതവഹിച്ചു. പ്രകൃതിയിലേയ്ക്ക് തിരിച്ചുവരാൻ കോവിഡ് 19 നമ്മെ ഉദ്ബോധിപ്പിക്കുന്നു എന്ന് പിതാവ് അഭിപ്രായപ്പെട്ടു. ലോക്ഡൗൺ കാലത്ത് പ്രകൃതി ശാന്തമായപ്പോൾ നഷ്ടപ്പെട്ടു എന്നു കരുതിയ നൂറുകണക്കിനു ജനുസുകളെ കണ്ടെത്താനായി എന്നുള്ള വാർത്ത ഈ പ്രപഞ്ചത്തിന്റെ നിലനിൽപ്പിന് പരിസ്ഥിതിബന്ധിയായ സമീപനം അത്യന്താപേക്ഷിതമെന്ന് സ്ഥിരീ

കരിക്കുന്നതായി ആർച്ചുബിഷപ്പ് കൂട്ടിച്ചേർത്തു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ആമുഖപ്രഭാഷണവും കേരള സോഷ്യൽ സർവ്വീസ് ഫോറം ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ മുഖ്യപ്രഭാഷണവും നടത്തി. ചങ്ങനാശ്ശേരി പ്രസ് ക്ലബ് പ്രസിഡന്റ് ബെന്നി നന്ദി പ്രകാശിപ്പിച്ചു. ചാസ് പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി, പ്രോജക്ട് ഡയറക്ടർ ശ്രീ. ജോബി മാത്യു, ശ്രീ. ബൈജു സി. സേവ്യർ ഫോറം പ്രോഗ്രാം ഓഫീസർ സി. ജെസിന എന്നിവർ നേതൃത്വം നൽകി.

### ഫലവൃക്ഷതൈ വിതരണം

ചാസ് 'ഹരിതസമൃദ്ധി' പദ്ധതിയുടെ ഭാഗമായി പരിസ്ഥിതിദിനാചരണത്തോടനുബന്ധിച്ച് വൃക്ഷതൈകൾ സൗജന്യമായും ഫലവൃക്ഷതൈകൾ മിതമായ നിരക്കിലും ജൂൺ 5 മുതൽ ഒരാഴ്ചക്കാലം ചാസ് കേന്ദ്ര ഓഫീസിൽനിന്നും വിതരണം ചെയ്തു.

### കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ മേഖലാ PME

യൂണിറ്റ് ഭാരവാഹികളുടെ സജീവസാന്നിദ്ധ്യവും സഹകരണവും ഉറപ്പാക്കാൻ കഴിയുന്ന വിധത്തിൽ യൂണിറ്റ് ഇലക്ഷൻ നടത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ, കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ആരംഭിച്ച ചാസ് 'ഹരിതസമൃദ്ധി 2020-22' പദ്ധതി, മൈക്രോ ക്രെഡിറ്റ് പ്രോഗ്രാം, ലോക്കൽ ട്രസ്റ്റ് എന്നിവയെക്കുറിച്ച് ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി, പ്രോജക്ട് ഡയറക്ടർ ശ്രീ. ജോബി മാത്യു എന്നിവർ മാർഗ്ഗനിർദ്ദേശം നൽകി.

| *തീയതി* | *മേഖല* | *യൂണിറ്റ്* |
|---|---|---|
| 22.06.2020 | കുടമാളൂർ | മുടിയൂർക്കര |
| 23.06.2020 | ചങ്ങനാശ്ശേരി | കത്തീഡ്രൽ |
| 27.06.2020 | ചമ്പക്കുളം | ചമ്പക്കുളം |
| 29.06.2020 | ആലപ്പുഴ | തത്തംപള്ളി |
| 30.06.2020 | പുളിംകുന്ന് | പുളിംകുന്ന് |

### CEI, CHASS Covid ബോധവത്ക്കരണം




കോവിഡിനൊപ്പം ജീവിക്കുക എന്ന യാഥാർത്ഥ്യം ഉൾക്കൊണ്ട് ജീവിക്കാൻ ജനങ്ങളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യം മുൻനിർത്തി ചാസ് പ്രാദേശിക യൂണിറ്റ് നേതൃനിരയ്ക്ക് ട്രെയിനേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം സംഘടിപ്പിച്ചുവരുന്നു. ഇറ്റാലിയൻ ബിഷപ്സ് കോൺഫറൻസുമായി സഹകരിച്ച് നടപ്പാക്കുന്ന പ്രോഗ്രാമിൽ കോവിഡ് കാലത്ത് ജീവിതം സജീവമാക്കുന്നതിന്, നാം ശ്രദ്ധിക്കേണ്ടകാര്യങ്ങളും, ഭാവി പ്രവർത്തനങ്ങളുടെ രൂപരേഖയും ചർച്ച ചെയ്യുന്നു. പ്രാദേശിക യൂണിറ്റ് ഭാരവാഹികൾക്ക് മേഖലാതലത്തിൽ ToT സംഘടിപ്പിച്ച് താഴേതട്ടിൽ ആശയം എത്തിക്കുക എന്നതാണ് പരിശീലനപരിപാടിയുടെ ലക്ഷ്യം. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി, പ്രോജക്ട് ഡയറക്ടർ ശ്രീ. ജോബി മാത്യു എന്നിവർ നേതൃത്വം നൽകിവരുന്നു.

| *തീയതി* | *ToT സംഘടിപ്പിച്ച യൂണിറ്റുകൾ* |
|---|---|
| 22.06.2020 | മുടിയൂർക്കര |
| 23.06.2020 | കത്തീഡ്രൽ |
| 27.06.2020 | ചമ്പക്കുളം |
| 29.06.2020 | തത്തംപള്ളി |
| 30.06.2020 | പുളിംകുന്ന് |

**കരുതൽ**

കോവിഡ്-19 ലോക്ക്ഡൗണിന്റെ പശ്ചാത്തലത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കാൻസർ-വൃക്ക രോഗികൾക്കുവേണ്ടി ചാസ് ആവിഷ്ക്കരിച്ചിരിക്കുന്ന ചികിത്സാസഹായപദ്ധതി 'കരുതൽ' ലിന്റെ ഉദ്ഘാടനം സഹായമെത്രാൻ മാർ തോമസ് തറയിൽ അയർക്കുന്നം യൂണിറ്റ് സെക്രട്ടറി ശ്രീ. ജിജി നാഗമറ്റത്തിന് ചെക്ക് കൈമാറിക്കൊണ്ട് ജൂൺ 25 വ്യാഴാഴ്ച നിർവഹിച്ചു. മണിമല, കോട്ടയം,



കുടമാളൂർ, അതിരമ്പുഴ മേഖലകളിലെ 28 യൂണിറ്റുകളിൽ നിന്നും തെരഞ്ഞെടുത്ത 156 ഗുണഭോക്താക്കൾക്ക് Rs. 3,12,000 ചികിത്സാ സഹായം നൽകി. ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി.

ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, കോട്ടയം മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി സിജി ബിജുമോൻ എന്നിവർ നേതൃത്വം നൽകി.

**കോവിഡ് 19 അതിജീവനം പദ്ധതി ആസൂത്രണം**




കോവിഡ് -19 കാലഘട്ടത്തിൽ പൊതുസമൂഹത്തെ സുസ്ഥിതിയിൽ നിലനിർത്തുന്നതിനാവശ്യമായ പദ്ധതി ആസൂത്രണത്തിന് ഏകദിനശില്പശാല ചാസ് കേൺഫ്രൻസ് ഹാളിൽ ജൂൺ 26 ന് സംഘടിപ്പിച്ചു. കാരിത്താസ് ഇൻഡ്യ പരിസ്ഥിതികൃഷി മാനേജർ ഡോ. വി.ആർ ഹരിദാസ് ശില്പശാലയ്ക്ക് നേതൃത്വം നൽകി. ചാസ് ഡയറക്ടർമാരും കേന്ദ്രഓഫീസിലും മേഖലകളിലും സേവനമനുഷ്ഠിക്കുന്ന 30 അംഗങ്ങളും ശില്പശാലയിൽ പങ്കെടുത്തു. കോവിഡ് കാലഘട്ടം നേരിടുന്ന പ്രധാന പ്രശ്നങ്ങളും സാധ്യതകളും അപഗ്രഥിച്ച് വാർഷിക പദ്ധതിക്ക് രൂപരേഖ തയ്യാറാക്കി.

**ലഹരിവിരുദ്ധ ദിനാചരണം**




ലോക ലഹരിവിരുദ്ധ ദിനാചരണത്തോടനുബന്ധിച്ച് ജൂൺ 26 ന് ചാസ് കേൺഫ്രൻസ് ഹാളിൽ ലഹരിവിരുദ്ധ ദിനാചരണം സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. SLCA കോ-ഓർഡിനേറ്റർ ഫാ. തോമസ് കുളത്തുങ്കൽ അദ്ധ്യക്ഷതവഹിച്ചു. SLCA ഫീൽഡ് ഓഫീസർ ശ്രീ. ലിറ്റിമോൻ എം.സ്. നന്ദിയർപ്പിച്ചു.

# മൈക്രോഫിനാൻസ്

## സ്വാശ്രയ സംഘരൂപീകരണം

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 11.12.2019 | ചേപ്പുംപാറ | കരുണ | 16 |
| 15.01.2020 | ചേപ്പുംപാറ | സങ്കീർത്തനം | 10 |
| 17.01.2020 | മണിമല ഓൾഡ് | ഹോളിമാഗി | 10 |
| 17.01.2020 | മനയ്ക്കച്ചിറ | തേജസ് | 10 |
| 22.01.2020 | പുളിംകുന്ന് | കതിരൊളി | 12 |
| 22.01.2020 | പുളിംകുന്ന് | സ്നേഹദീപം | 20 |
| 22.01.2020 | പുളിംകുന്ന് | ജ്യോതിസ് | 19 |
| 22.01.2020 | പുളിംകുന്ന് | സഹൃദയ | 20 |
| 22.01.2020 | പുളിംകുന്ന് | നവജീവൻ | 20 |
| 24.01.2020 | കത്തീഡ്രൽ | സ്റ്റാർ ബ്രദേഴ്സ് | 20 |
| 05.02.2020 | പച്ച-ചെക്കിടിക്കാട് | യുവശക്തി | 13 |
| 12.02.2020 | പുളിംകുന്ന് | സാന്ത്വനം | 10 |
| 12.02.2020 | ചേപ്പുംപാറ | റാണി മരിയ | 15 |
| 15.02.2020 | വടവാതൂർ | സാന്തോം | 15 |
| 17.02.2020 | ചെത്തിപ്പുഴ | ഫ്ളവേഴ്സ് | 12 |
| 22.02.2020 | എടത്വാ | സഫലം | 20 |
| 17.06.2020 | കിടങ്ങറ | കരുണ | 19 |
| 17.06.2020 | കിടങ്ങറ | തേജസ് | 20 |
| 24.06.2020 | കത്തീഡ്രൽ | യൂണിറ്റി | 15 |
| 24.06.2020 | കേസറിയ | എയ്ഞ്ചൽ | 17 |
| 24.06.2020 | കേസറിയ | സാഞ്ചോസ് | 20 |
| 24.06.2020 | കേസറിയ | ചൈതന്യ | 14 |

## സ്വാശ്രയസംഘസംഗമം

**പായിപ്പാട്** യൂണിറ്റിൽ ഡിസംബർ 24 ന് സ്വാശ്രയസംഘസംഗമം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജെയിംസ് അത്തിക്കളം അദ്ധ്യക്ഷതവഹിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനവും റവ. ഫാ. ജോസഫ് ചിറക്കടവിൽ മുഖ്യപ്രഭാഷണവും നടത്തി. 65 അംഗങ്ങൾ പങ്കെടുത്തു.

**തൃക്കൊടിത്താനം** യൂണിറ്റിൽ ഡിസംബർ 29 ന് സ്വാശ്രസംഘ സംഗമം സംഘടിപ്പിച്ചു. ഫൊറോന ഡയറക്ടർ റവ. ഫാ. ഫ്രാൻസിസ് കാരുവേലിൽ ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് പ്രസിഡന്റ്

ശ്രീ. ജിമ്മിച്ചൻ പറമ്പത്ത് അദ്ധ്യക്ഷത വഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ മുഖ്യപ്രഭാഷണം നടത്തി. 75 അംഗങ്ങൾ പങ്കെടുത്തു.

**സ്വാശ്രയസംഘവാർഷികവും-വായ്പാ വിതരണവും**

**കരിമ്പക്കുളം** യൂണിറ്റിൽ പ്രവർത്തിക്കുന്ന 'അൽഫോൻസ' സ്വാശ്രയസംഘത്തിന്റെ 20-ാം മത് വാർഷികം ജനുവരി 21 ന് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. റോയി തൂമ്പുങ്കൽ അദ്ധ്യക്ഷത വഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉത്ഘാടനം നിർവഹിച്ചു. സ്വാശ്രയസംഘാംഗങ്ങൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് മണിമല സർവ്വീസ് സഹകരണ ബാങ്ക് പൊന്തംപുഴ ബ്രാഞ്ച് ലഭ്യമാക്കിയ 10 ലക്ഷം രൂപയുടെ വായ്പാവിതരണം മണിമല സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് ശ്രീ. എമേഴ്സൺ കെ.എസ്. നിർവഹിച്ചു. സർവ്വീസ് സഹകരണ ബാങ്ക് ബോർഡ് അംഗങ്ങളായ ശ്രീ. പി.ജി. പ്രകാശ്, ശ്രീ. മാത്യു ജോസഫ്, ഗ്രാമപഞ്ചായത്ത് മെമ്പർമാരായ ശ്രീമതി ലിതാ ഷാജി, ശ്രീമതി ഷൈനി ഷാജി എന്നിവർ പ്രസംഗിച്ചു. യൂണിറ്റിൽ പ്രവർത്തിക്കുന്ന മറ്റ് സ്വാശ്രയസംഘങ്ങളുടെ ഭാരവാഹികളും സന്നിഹിതരായിരുന്നു.

**മഹിളാസമാജം രൂപീകരിച്ചു**

**കൊണ്ടാക്കൽ** യൂണിറ്റിൽ ജനുവരി 21 ന് സ്വാശ്രയസംഘങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി 'തേജസ്' മഹിളാസമാജം രൂപീകരിച്ചു. ഭാരവാഹികളെ തെരഞ്ഞെടുത്തു.

**സ്വാശ്രയസംഘസംഗമവും മഹിളാസമാജം വാർഷികവും**

**ഏറ്റുമാനൂർ** യൂണിറ്റിൽ സ്വാശ്രയസംഘസംഗമവും 'മദർ തെരേസ' മഹിളാസമാജത്തിന്റെ വാർഷികവും ഫെബ്രുവരി 2 ന് നടത്തി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ടോം കുന്നുംപുറം ഉദ്ഘാടനം ചെയ്തു. ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സജി തടത്തിൽ ആശംസയർപ്പിച്ചു. അതിരമ്പുഴ പി.എച്ച്.സി. ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. പ്രദീപ് കുമാർ പി.എസ്. ആരോഗ്യ ബോധവത്ക്കരണ ക്ലാസ് നടത്തി. 85 അംഗങ്ങൾ പങ്കെടുത്തു.

**നാൽപ്പാത്തിമല** യൂണിറ്റിൽ ഫെബ്രുവരി 23 ന് സ്വാശ്രയസംഘസംഗമം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ആന്റണി മേച്ചേരിമണ്ണിൽ ഉദ്ഘാടനം നിർവഹിച്ചു. 'ഔഷധസസ്യവും ഗൃ

ഹവൈദ്യവും' എന്ന വിഷയത്തിൽ പ്രൊഫ. ഡി സുരേഷ് ബാബു ക്ലാസ് നയിച്ചു. 95 അംഗങ്ങൾ പങ്കെടുത്തു.

**സ്വാശ്രയസംഘവാർഷികം**

**വടവാതൂർ** യൂണിറ്റിൽ പ്രവർത്തിക്കുന്ന 'മരിയ' സ്വാശ്രയസംഘത്തിന്റെ 10-ാം മത് വാർഷികം യൂണിറ്റ് ഡയറക്ടർ റവ. ഫാ. പോൾ വേങ്ങശ്ശേരിയുടെ അദ്ധ്യക്ഷതയിൽ സംഘടിപ്പിച്ചു. സംഘത്തിന്റെ നേതൃത്വത്തിൽ വെളിച്ചെണ്ണ, തേയില, തുണിസഞ്ചി, പച്ചക്കറി തുടങ്ങിയവ വിപണനം ചെയ്യുന്നു.

**മേഖലാ നേതൃത്വസംഗമം**

**ചമ്പക്കുളം** മേഖലയിലെ യൂണിറ്റ് ഭാരവാഹികളുടെ നേതൃസംഗമം ഫെബ്രുവരി 13 ന് ചമ്പക്കുളം യൂണിറ്റിൽ സംഘടിപ്പിച്ചു. യൂണിറ്റുതല പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഓഡിറ്റിംഗിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, 2020-21 വർഷം യൂണിറ്റുതലത്തിൽ പ്രാവർത്തികമാക്കേണ്ട പദ്ധതികൾ എന്നിവയെ കുറിച്ച് ചർച്ച നടത്തുകയും ചെയ്തു. മേഖലാ കോ-ഓർഡിനേറ്റർ ബിനു ജോസഫ് നേതൃത്വം നൽകി.


## ഗൃഹ ലക്ഷ്മി (Home Nurse)

രോഗികൾക്കൊപ്പം താമസിച്ച് കിടപ്പുരോഗികളെ ശുശ്രൂഷിക്കുവാൻ താത്പര്യമുള്ള യുവതികൾക്ക് അവസരം.
**അലവൻസ് - 15,000/- രൂപ**

## ഗൃഹശ്രീ

1. പകൽ സമയം വീട്ടുജോലികളിൽ സഹായിക്കുവാൻ വനിതകളെ ആവശ്യമുണ്ട്. **അലവൻസ് 11,000/- രൂപ**
2. വീടുകളിൽ താമസിച്ച് വീട്ടുജോലികൾ ചെയ്യുന്ന വനിതകൾക്ക് **അലവൻസ് 14,000/- രൂപ**
3. വീടുകളിൽ താമസിച്ച് രോഗികളെ ശുശ്രൂഷിക്കുകയും അതോടൊപ്പം വീട്ടു ജോലികളിൽ സഹായിക്കുകയും ചെയ്യുന്ന വനിതകൾക്ക് **അലവൻസ് 17,000/- രൂപ**

**കൂടുതൽ വിവരങ്ങൾക്ക് ഫോൺ 9495534212**

## അതിരൂപതാദിനത്തിൽ 'ഹരിതസമൃദ്ധി' യ്ക്ക് തുടക്കം

കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിലുണ്ടാകാവുന്ന സാമ്പത്തിക പ്രതിസന്ധിയും ഭക്ഷ്യക്ഷാമവും പരിഹരിക്കുന്നതിന് ചങ്ങനാശ്ശേരി അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ ചാസ് നടപ്പാക്കുന്ന 'ഹരിതസമൃദ്ധി' പദ്ധതി അതിരൂപതാദിനത്തിൽ (മെയ് 20) ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം കുറുമ്പനാടത്ത് ഉദ്ഘാടനം ചെയ്തു. അതിരൂപതയുടെ കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ 160 ഗ്രാമതല യൂണിറ്റുകളുടെ നേതൃത്വത്തിൽ ആയിരത്തിലധികം സ്വാശ്രയസംഘങ്ങളും, ഇരുനൂറ് ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളും, കർഷക സംഘങ്ങളും, ഭക്ഷ്യസുരക്ഷയും, ആരോഗ്യസുരക്ഷയും സാമ്പത്തികസുരക്ഷയും ഭൂസുരക്ഷയും ഉറപ്പാക്കുന്ന ഈ പദ്ധതിയിൽ കണ്ണിചേരുന്നു. എല്ലാ വീടുകളിലും മാലിന്യസംസ്ക്കരണ ഉപാധികളായ പൈപ്പ് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ്, മുച്ചട്ടി, റിംഗ് കമ്പോസ്റ്റ് എന്നിവ പ്രചരിപ്പിക്കുകയും സബ്സിഡി നിരക്കിൽ വിതരണം നടത്തുകയും ചെയ്യുക, അടുക്കള തോട്ടങ്ങൾ, തരിശുഭൂമിയിൽ കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുക, സസ്യേതര ഭക്ഷ്യ ഉത്പ്പന്നങ്ങളുടെ സ്വയംപ




ര്യാപ്ത നേടുന്നതിന് ആട്, കോഴി, താറാവ്, മത്സ്യം, കന്നുകാലി തുടങ്ങിയവയെ ശാസ്ത്രീയമായി വളർത്താനുള്ള പരിശീലനവും, സാങ്കേതിക-സാമ്പത്തിക സഹായവും ലഭ്യമാക്കുക തുടങ്ങിയവയാണ് 'ഹരിതസമൃദ്ധി' യിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതിയിൽ പങ്കാളികളാകുന്ന വ്യക്തികൾക്കും സംഘങ്ങൾക്കും ചാസ് ക്രെഡിറ്റ് യൂണിയനിൽനിന്ന് സബ്സിഡി നിരക്കിലും പലിശരഹിതമായും വായ്പ ലഭ്യമാക്കാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കർഷകരുടെ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിച്ച് ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് കാർഷിക വായ്പയും സംഘങ്ങൾക്ക് വിവിധ സ്ഥാപനങ്ങളുടെ കുറഞ്ഞ പലിശനിരക്കിലുള്ള മൈക്രോ ക്രെഡിറ്റ് വായ്പയും

ലഭ്യമാക്കും. പദ്ധതിയിൽ ഉദ്പ്പാദിപ്പിക്കപ്പെടുന്ന കാർഷിക വിളകൾ പ്രാദേശിക യൂണിറ്റുകളുടെ നേതൃത്വത്തിൽ സൺഡേ മാർക്കറ്റ്, നാട്ടുചന്ത സംവിധാനങ്ങളിലൂടെ വിപണനം ചെയ്യാനാണ് ലക്ഷ്യമിടുന്നത്. കുറുമ്പനാടം സമൃദ്ധയിൽ സംഘടിപ്പിച്ച പരിപാടിക്ക് ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോജക്ട് ഡയറക്ടർ ശ്രീ. ജോബി മാത്യു, മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി സിജി ബിജുമോൻ എന്നിവർ നേതൃത്വം നൽകി.

**ഹരിതസമൃദ്ധി 2020-22 മാർഗ്ഗരേഖ തയാറാക്കി**

കോവിഡ് അനുബന്ധ കാലഘട്ടത്തിൽ നടപ്പാക്കുന്ന ഹരിതസമൃദ്ധി 2020-22 പദ്ധതി നടത്തിപ്പിനുള്ള മാർഗ്ഗരേഖ തയ്യാറാക്കി. SHG യൂണിറ്റ് മേഖലാതലങ്ങളിൽ ഭാരവാഹികൾക്കുവേണ്ടി ToT പരിശീലനപരിപാടി ആരംഭിച്ചു.

**കർഷകസമിതി രൂപീകരണം**

കുട്ടനാട്ടിലെ കർഷകരുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിനും കാർഷിക മേഖലയിൽ സർക്കാർ സർക്കാരിതര സഹായങ്ങൾ ലഭ്യമാക്കുന്നതിനും കർഷകരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ചമ്പക്കുളം, വടക്കേഅമിച്ചകരി, പടഹാരം, കൊണ്ടാക്കൽ, പുല്ലങ്ങടി, വൈശ്യംഭാഗം, നർബോനപുരം, പൊങ്ങ, നസ്രത്ത് എന്നീ യൂണിറ്റുകളിൽ കർഷകസമിതി രൂപീകരിച്ച് 12 അംഗ എക്സിക്യൂട്ടീവ് കമ്മറ്റിയെ തെരഞ്ഞെടുത്തു.

**ഔഷധസസ്യവലയം സെമിനാർ**

**തൃക്കൊടിത്താനം** യൂണിറ്റിൽ ഡിസംബർ 29 ന് ഔഷധസസ്യവലയം സെമിനാർ സംഘടിപ്പിച്ചു. പ്രൊഫസർ സുരേഷ് ബാബു ക്ലാസ് നയിച്ചു. 75 അംഗങ്ങൾ പങ്കെടുത്തു.

**കർഷക സംഗമം**

**മുട്ടാർ** യൂണിറ്റിൽ പ്രവർത്തിക്കുന്ന ഫാർമേഴ്സ് ക്ലബ് ജനുവരി 12 ന് കർഷകസംഗമം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. അബ്രഹം തയ്യിൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു. മാലിന്യനിർമ്മാർജ്ജന യജ്ഞത്തിന്റെ ഭാഗമായി അടുക്കള മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് എല്ലാ ക്രെഡിറ്റ് യൂണിയൻ അംഗങ്ങളുടെയും ഭവനങ്ങളിൽ ഒരു ബക്കറ്റ് വീതം സൗജന്യമായി വിതരണം ചെയ്തു. ചാസ് അസി ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ആശംസയർപ്പിച്ചു. 300 അംഗങ്ങൾ പങ്കെടുത്തു.

**ഹരിതചൈതന്യം-2020**

**രാമങ്കരി** യൂണിറ്റിലെ ഹരിതാ സ്വാശ്രയസംഘത്തിൽ ഫെബ്രുവരി 9 ഞായറാഴ്ച 5 മണിക്ക് 'ഹരിതചൈതന്യം-2020' ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം ചെയ്തു. 20 ഭവനങ്ങളിലും പൈപ്പ് കമ്പോസ്റ്റ് സംവിധാനം സ്ഥാപിച്ചു. 'ചൈതന്യ' സംഘം പ്രസിഡന്റ് റ്റി. സി. മാത്യു അദ്ധ്യക്ഷതവഹിച്ചു. മേഖലാ പ്രസിഡന്റ് മാത്തുക്കുട്ടി കഞ്ഞിക്കര, കെ.സി. രാജു, ടോമിച്ചൻ പുത്തൻപറമ്പ്, മേഖലാ കോ-ഓർഡിനേറ്റർ എന്നിവർ പ്രസംഗിച്ചു.

**ഹരിതസമൃദ്ധി ഭക്ഷ്യവിളകൃഷി ആരംഭിച്ചു**

| *യൂണിറ്റ്* | *സംഘം* |
|---|---|
| പടഹാരം | പുഷ്പറോസ്, റാണിമരിയ |
| പെരുംകാവ് | ജീവസ് |
| കോട്ടയ്ക്കപ്പുറം | നവോദയ, മരിയ |
| പച്ചക്കാട് | കാരുണ്യ |
| വള്ളംചിറ | ജനനി |
| കണ്ണാടി | സെന്റ് ജോസഫ്സ് |
| തെക്കേക്കര | ഒരുമ, അനുഗ്രഹ, മദർ തെരേസ, തിരുഹൃദയ |
| ചേന്നംകരി | സാഗരം, സംഗമം |
| പൊങ്ങ | ഐശ്വര്യ, ജ്യോതിസ് |
| നർബോനപുരം | മേരിമാതാ, മരിയൻ, ശ്രേയസ്, സ്നേഹദീപം, ചെറുപുഷ്പം, തേജസ്, പുനർജ്ജനി, മദർതെരേസാ, എയ്ഞ്ചൽ |
| പുല്ലങ്ങടി | ജ്യോതിസ് |
| കൊണ്ടാക്കൽ | ശാലോം, ഒരുമ |
| പടഹാരം | ജ്യോതിസ്, ജിയന്ന, സെന്റ് അൽഫോൻസ, സെന്റ് റീത്താസ്, പുഷ്പറോസ്, മരിയ, നവജീവനം, റാണി മരിയ |
| ചമ്പക്കുളം | മരിയ, തേജസ്, അൽഫോൻസാ, ശാലോം, എയ്ഞ്ചൽ, ദീപം, കൃപ, ലിറ്റിൽ ഫ്ളവർ, ശ്രേയസ്, കാരുണ്യ, ആൻമേരി |
| നാൽപ്പാത്തിമല | എയ്ഞ്ചൽ, ജ്യോതിസ് |
| കിഴക്കേമിത്രക്കരി | മരിയ |

**പാറേൽ-** ചാസ് യൂണിറ്റിന്റെ നേതൃത്വത്തിൽ പാറേൽ ഇടവകയിൽ ആരംഭിച്ച അടുക്കളത്തോട്ട മത്സരം പദ്ധതി മെയ് 5 ന് ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ പച്ചക്കറിതൈ നട്ട് നിർവഹി



ച്ചു. വികാരി ഫാ. ജേക്കബ് വാരികാട്ട്, ഫാ. തോമസ് കുളത്തുങ്കൽ, ശ്രീ. ബാബു വള്ളപ്പുര, ശ്രീ. എം.ഡി. സേവ്യർ എന്നിവർ സന്നിഹിതരായിരുന്നു.

**തെങ്ങിൻതൈ വിതരണം**

**നാലുകോടി** യൂണിറ്റിന്റെ നേതൃത്വത്തിൽ മെയ് 19 ന് 50 കുടുംബങ്ങൾക്ക് തെങ്ങിൻതൈ വിതരണം ചെയ്തു.

**മത്സ്യകൃഷി വിളവെടുപ്പ്**

**ഏറ്റുമാനൂർ** 'മാവേലി' പുരുഷ സ്വാശ്രയസംഘത്തിന്റെ നേതൃത്വത്തിൽ നടത്തിയ 3-ാം ഘട്ട മത്സ്യകൃഷിയുടെ വിളവെടുപ്പ് മെയ് 31 ന് അതിരമ്പുഴ ഫൊറോനാ വികാരി ഡോ. റവ. ഫാ. ജോസഫ് മുണ്ടകത്തിൽ ഉദ്ഘാടനം ചെയ്തു. സംഘം പ്രസിഡന്റ് ശ്രീ. റോബിൻ കൂർക്കകാലായിൽ അദ്ധ്യക്ഷതവഹിച്ചു. ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുക, വിഷരഹിത മത്സ്യം വിപണിയിലെത്തിക്കുക, മു



റ്റത്തൊരു മത്സ്യക്കുളം പദ്ധതി സുമൂഹത്തിലെത്തിക്കുക എന്നിവ സംഘത്തിന്റെ ലക്ഷ്യമാണ്.

**രാമങ്കരി** ഹരിതാ ഫാർമേഴ്സ് ക്ലബ് പ്രസിഡന്റ് ശ്രീ. തോമസുകുട്ടി സി. ചേന്നാട്ടുശേരിയുടെ 'മലേഷ്യൻ വാള' മത്സ്യകൃഷിയുടെ വിളവെടുപ്പ് ജൂൺ 18 ന് നടത്തി. 2450 കിലോ മത്സ്യം വിറ്റഴിച്ചു.

### മത്സ്യകൃഷി ഉദ്ഘാടനം



**ഏറ്റുമാനൂർ** 'മാവേലി' പുരുഷ സ്വാശ്രയസംഘത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച 4–ാം ഘട്ട മത്സ്യകൃഷിയുടെ ഉദ്ഘാടനം ജൂൺ 21 ന് മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ച് ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ നിർവഹിച്ചു. സംഘം പ്രസിഡന്റ് റോബിൻ കൂർക്കകാലായിൽ അദ്ധ്യക്ഷതവഹിച്ചു.

### FPO രൂപീകരണ യോഗം

**മുട്ടാർ** ചാസ് യൂണിറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫാർമേഴ്സ് ക്ലബിന്റെ നേതൃത്വത്തിൽ ഫാർമർ പ്രൊഡ്യൂസർ ഓർഗ്ഗനൈസേഷൻ (FPO) രൂപികരിക്കാൻ ജൂൺ 26 വെള്ളിയാഴ്ച കൂടിയയോഗം തീരുമാനിച്ചു. കാരിത്താസ് ഇൻഡ്യ പരിസ്ഥിതികൃഷി മാനേജർ ഡോ. വി.ആർ. ഹരിദാസ്, FPO യുടെ പ്രസക്തിയെകുറിച്ച് ക്ലാസ് നയിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. എബ്രഹാം തയ്യിൽ അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർ ഫാ. ജോർജ്ജ് പനക്കേഴം എന്നിവർ പ്രസംഗിച്ചു.

## ആരോഗ്യ ഇൻഷുറൻസ്

സാധാരണ ജനങ്ങൾക്ക് താങ്ങാനാവുന്നതിലധികമായി ചികിത്സാചെലവുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഒരു വർഷം 30,000 രൂപ വരെ ചികിത്സാ സഹായം കുടുംബങ്ങൾക്ക് ലഭ്യമാക്കുന്ന മെഡിക്ലെയിം ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളാകുവാൻ ചാസ് അവസരമൊരുക്കുന്നു.

| *അംഗത്വം* | *പ്രീമിയം* |
|---|---|
| അഞ്ച് അംഗകുടുബത്തിന് | 900/- രൂപ |
| കൂട്ടുകുടുംബം | 1100/- രൂപ |
| വ്യക്തിഗതം | 600/- രൂപ |

**അന്വേഷണങ്ങൾക്ക് ഫോൺ: 9539701126**

## ആശാകിരണം

**ആശാകിരണം കാൻസർ ബോധവത്ക്കരണം**

**ചമ്പക്കുളം** യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ജനുവരി 14 ന് സ്വാശ്രയസംഘസംഗമത്തോടനുബന്ധിച്ച് ആശാകിരണം കാൻസർ ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ വെരി. റവ. ഫാ. എബ്രഹാം കാടാത്തുകളം സെമിനാർ ഉദ്ഘാടനം ചെയ്തു. ആശാകിരണം കോ-ഓർഡിനേറ്റർ ശ്രീമതി ബിന്ദു തോമസ് ക്ലാസ് നയിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി. 68 അംഗങ്ങൾ പങ്കെടുത്തു.

**പായിപ്പാട്** യൂണിറ്റിൽ ഫെബ്രുവരി 15-ാം തീയതി കാൻസർ ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. മാത്യു ഓടലാനി ഉദ്ഘാടനം നിർവഹിച്ചു. മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി സജി ഷാജി ക്ലാസ് നയിച്ചു. 40 അംഗങ്ങൾ പങ്കെടുത്തു.

**കൊണ്ടാക്കൽ** യൂണിറ്റിൽ സ്വാശ്രയസംഘസംഗമത്തോടനുബന്ധിച്ച് ഫെബ്രുവരി 18 ന് കാൻസർ ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് വടക്കേറ്റം അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, ഉദ്ഘാടനം നിർവഹിച്ചു. 'കാൻസർ തിരിച്ചറിഞ്ഞ് തിരിച്ചുവരാം' എന്ന വിഷയത്തിൽ ആശാകിരണം കോ-ഓർഡിനേറ്റർ ബിന്ദു തോമസ് ക്ലാസ് നയിച്ചു. 69 അംഗങ്ങൾ പങ്കെടുത്തു.

**നസ്രത്ത്** യൂണിറ്റിൽ സ്വാശ്രയസംഘസംഗമത്തിൽ കാൻസർ ബോധവത്ക്കരണ സെമിനാർ ഫെബ്രുവരി 21 ന് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് കൊച്ചുളേച്ചംകളം അദ്ധ്യക്ഷതവഹിച്ചു. നമുക്ക് കൈമോശം വന്ന പഴമയിലേയ്ക്ക് തിരിച്ച് പോകണമെന്നും മാലിന്യസംസ്ക്കണോപാധികളുടെ വ്യാപനവും, മണ്ണ്, ജലം, വായു എന്നിവയുടെ സംരക്ഷണവും നമ്മുടെ കടമയായി തിരിച്ചറിയണമെന്നും സെമിനാർ ഉദ്ഘാടനം നിർവഹിച്ച ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അഭ്യർത്ഥിച്ചു. കാൻസർ തിരിച്ചറിഞ്ഞ് തിരിച്ചുവരാം എന്ന വിഷയത്തിൽ ആശാകിരണം കോ-ഓർഡിനേറ്റർ ബിന്ദു തോമസ് ക്ലാസ് നയിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**സുജോക് ചികിത്സ**

**മണ്ണാർകുന്ന്** യൂണിറ്റിൽ ജനവുരി 20 ന് സുജോക് ചികിത്സാരീതിയെക്കുറിച്ച് ശ്രീ. ജിനോ ജോസഫ് ക്ലാസ് നയിച്ചു. 45 അംഗങ്ങൾ പങ്കെടുത്തു.



## വിജയഗാഥ

**എം. ജെ. ചാക്കോ**
*മയ്യക്കോണം, കൊടുപ്പുന്ന*

കുട്ടനാട്ടിലെ കൊടുപ്പുന്ന ഗ്രാമത്തിലാണ് ഞാനും എന്റെ കുടുംബവും താമസിക്കുന്നത്. ആലപ്പുഴ ചങ്ങനാശ്ശേരി റോഡിൽ രാമങ്കരി ആറ്റുതീരത്ത് പെട്ടിക്കട നടത്തിയാണ് ഞാൻ ഉപജീവനം നടത്തിയിരുന്നത്. എന്നാൽ 2018 ലുണ്ടായ മഹാപ്രളയത്തിൽ എന്റെ ഉപജീവനമാർഗ്ഗമായിരുന്ന കട ഒഴുകിപ്പോയി. വെള്ളപ്പെക്കം കഴിഞ്ഞ് തിരികെയെത്തിയപ്പോൾ എന്തുചെയ്യണമെന്നറിയാതെ ഞാൻ വിഷമിച്ച അവസരത്തിൽ ചങ്ങനാശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി (ചാസ്) എന്റെ കുടുംബത്തിന് രക്ഷകരായി എത്തി. പ്രളയാനന്തരം മറ്റ് ജീവിതമാർഗ്ഗമില്ലാതെ വിഷമിച്ച എന്നെയും കുടുംബത്തേയും കൈപിടിച്ചുയർത്താൻ ചാസിന് കഴിഞ്ഞു. കുട്ടനാട് പുനരധിവാസ പദ്ധതി 2019 ന്റെ ഭാഗമായി ചാസ് CEI പ്രോജക്ടിൽ ഉൾപ്പെടുത്തി എന്റെ കട പുനർനിർമ്മിക്കുന്നതിന് സാധിച്ചു. ചാസ് ലഭ്യമാക്കിയ സാമ്പത്തിക സഹായവും പിന്തുണയും എന്റെ അദ്ധ്വാനത്തിന്റെ ഫലവും കൂട്ടിചേർത്ത്, നല്ല ഒരു കട ഞാൻ സ്വന്തമാക്കി. ഒരുവർഷം പിന്നിടുമ്പോൾ ഞാനും കുടുംബവും ഇതിൽ നിന്നും കിട്ടുന്ന വരുമാനംകൊണ്ട് വളരെസന്തോഷത്തോടെ ജീവിതം നയിക്കുന്നു എന്നുമാത്രമല്ല ഇതിലൂടെ ഒരു ചെറിയ സമ്പാദ്യം നീക്കി വയ്ക്കാനും സാധിക്കുന്നു. വെള്ളപ്പൊക്കത്തിൽ ജീവിതമാർഗ്ഗം നഷ്ടമായ എനിക്ക് എന്റെ അഭിരുചിക്കനുസൃതമായ വഴി തെളിച്ചുതരാൻ ചാസിന് സാധിച്ചു. എനിക്കുമാത്രമല്ല കുട്ടനാട് വെള്ളപ്പൊക്ക പുനരധിവാസപദ്ധതിവഴി നൂറുകണക്കിന് കുടുംബങ്ങൾക്ക് പലവിധത്തിൽ അത്താണിയാകാൻ ചാസിന് കഴിഞ്ഞു എന്ന് ഞാൻ മനസ്സിലാക്കുന്നു. ജീവിതം വഴിമുട്ടിനിന്നസാഹചര്യത്തിൽ ഞങ്ങളെ ചേർത്തുപിടിച്ച് ഒരു ജീവിതമാർഗ്ഗം തെളിച്ചുതന്ന ചാസിനെ ഞാനും കുടുംബവും നന്ദിയോടെ സ്മരിക്കുന്നു.

# മേഖലാവാർത്തകൾ

## യൂണിറ്റ് വാർഷികം

**ചാത്തനാട്** യൂണിറ്റ് വാർഷികം ഡിസംബർ 30 ന് നടത്തി. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു. മഹിളാസമാജം പ്രസിഡന്റ് ശ്രീമതി മോളി മോഹൻ അദ്ധ്യക്ഷതവഹിച്ചു. സെക്രട്ടറി ശ്രീമതി മോളി തോമസ്, വാർഡ് കൗൺസിലർ ശ്രീമതി റനീഷിത്ത് നസീർ എന്നിവർ പ്രസംഗിച്ചു. 64 അംഗങ്ങൾ പങ്കെടുത്തു.

**മുട്ടാർ** യൂണിറ്റ് വാർഷികം ജനുവരി 12 ന് യൂണിറ്റ് ഡയറക്ടർ റവ. ഫാ. അബ്രഹം തയ്യിലിന്റെ അദ്ധ്യക്ഷതയിൽ സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു. ചാസ് അസി ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ആശംസയർപ്പിച്ചു.

## ആദരിക്കൽ

**ഏറ്റുമാനൂർ** യൂണിറ്റിലെ 'മാവേലി' പുരുഷസ്വാശ്രയസംഘാംഗമായ ശ്രീ. സജി തടത്തിൽ ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. ജനുവരി 14 ന് സംഘം ലീഡേഴ്സ് മീറ്റിംഗിൽ ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ പൊന്നാടയണിയിച്ച് ആദരിച്ചു. റവ. ഫാ. വർഗീസ് പനച്ചിക്കൽ അദ്ധ്യക്ഷതവഹിച്ചു. ഭാരവാഹികൾ നേതൃത്വം നൽകി. 52 അംഗങ്ങൾ പങ്കെടുത്തു.

## ഓഫീസ് ഉദ്ഘാടനം

**കൊണ്ടാക്കൽ** ചാസ് യൂണിറ്റ് ഓഫീസിന്റെ ഉദ്ഘാടനം ജനുവരി 13 ന് യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് വടക്കേറ്റത്തിന്റെയും



യൂണിറ്റ് ഭാരവാഹികളുടെയും സാന്നിദ്ധ്യത്തിൽ ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ നിർവഹിച്ചു.

**കത്തീഡ്രൽ** യൂണിറ്റിൽ ജൂൺ 2 ന് ചാസ് ഓഫീസിന്റെ ഉദ്ഘാടനം ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ വെരി. റവ. ഫാ. കുര്യൻ പുത്തൻപുര, ചാസ് ഡയറക്



ടർ ഫാ. ജോസഫ് കളരിക്കൽ, യൂണിറ്റ് ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

**കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് സംഗമം**

**ചമ്പക്കുളം** മേഖലയിൽ കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് സംഗമം ഫെബ്രുവരി 13 ന് സംഘടിപ്പിച്ചു. ക്രെഡിറ്റ് യൂണിയൻ കളക്ഷൻ ഷീറ്റ്, പാസ് ബുക്ക്, വൗച്ചർ എന്നിവ കൈകാര്യം ചെയ്യുന്നരീതിയെ കുറിച്ച് ചാസ് ക്രെഡിറ്റ് യൂണിയൻ ഓഡിറ്റർ കെ.സി. ജോർജ്ജ് ക്ലാസ് നയിച്ചു.

**തയ്യൽ യൂണിറ്റ് ആരംഭിച്ചു**

**മനയ്ക്കച്ചിറ** യൂണിറ്റിൽ ഫെബ്രുവരി 19-ാം തീയതി ബുധനാഴ്ച സംഘാംഗങ്ങളുടെ നേതൃത്വത്തിൽ തയ്യൽ യൂണിറ്റ് ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോൺസൺ ചാലയ്ക്കൽ ഉദ്ഘാടനം നിർവ്വഹിച്ചു.

**സാമ്പത്തിക സാക്ഷരതക്ലാസ്**

**തൃക്കൊടിത്താനം** യൂണിറ്റിൽ ഫെബ്രുവരി 9 ന് സാമ്പത്തിക സാക്ഷരതക്ലാസ് സംഘടിപ്പിച്ചു. യൂണിറ്റ് സെക്രട്ടറി ശ്രീ. രാജു മാടക്കാട്ട് ഉദ്ഘാടനം നിർവഹിച്ചു. ബാങ്ക് ഓഫ് ഇൻഡ്യാ മാനേജർ അനു എസ് നായർ സാമ്പത്തികം കൈകാര്യം ചെയ്യുന്നവിധം, സ്വയം തൊഴിൽ വായ്പാപദ്ധതികൾ, ബാങ്ക് വായ്പകൾ, തിരിച്ചടവ് കാലാവധി തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ക്ലാസ് നയിച്ചു. 40 അം

ഗങ്ങൾ പങ്കെടുത്തു.

**തുണിസഞ്ചി വിതരണം:** 'No to plastic' പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനത്തിന്റെ ഭാഗമായി നെടുമണ്ണി ചാസ് യൂണിറ്റിന്റെ നേതൃത്വത്തിൽ ചാസ് ക്രെഡിറ്റ് യൂണിയൻ തയ്യാറാക്കിയ തുണിസഞ്ചികളുടെ വിതരണം ക്രെഡിറ്റ് യൂണിയൻ അംഗം ശ്രീ. എം.ജെ. മത്തായിക്ക് നൽകി യൂണിറ്റ് ഡയറക്ടർ ഫാ. സിജോ പുല്ലൻ ഉദ്ഘാടനം ചെയ്തു.

**ഭവനനിർമ്മാണ സഹായം**

**തൃക്കൊടിത്താനം** യൂണിറ്റിന്റെ നേതൃത്വത്തിൽ ഇടവകയിലുള്ള ഒരു കുടുംബത്തിന് ഭവനനിർമ്മാണത്തിനായി രണ്ടേകാൽ ലക്ഷം രൂപയുടെ ധനസഹായം നൽകി. മാർച്ച് 13-ാം തീയതി വെരി. റവ. ഫാ. ഫ്രാൻസിസ് കാരുവേലിൽ താക്കോൽ ദാനം നിർവഹിച്ചു.

**ലോകപരിസ്ഥിതിദിനാചരണം**

ലോക പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് ചാസ് യൂണിറ്റുകളിൽ വൃക്ഷതൈകൾ വിതരണം ചെയ്തും തൈകൾ നട്ടും പരിസ്ഥിതിദിനം ആചരിച്ചു. പുളിംകുന്ന് മേഖലയിൽ ഫൊറോനാ വികാരി വെരി റവ. ഫാ. ജോബി മൂലയിൽ തണൽ മരം നട്ട് പരിസ്ഥിതിദിനസന്ദേശം നൽകി. തുരുത്തി മേഖലയിൽ പൊടിപ്പാറ യൂണിറ്റിൽ പള്ളം ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീമതി ബെറ്റി റ്റോജോ, യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോഷി കട്ടപ്പുറം എന്നിവർ വൃക്ഷതൈ നട്ട് പരിസ്ഥിതിദിനം ആചരിച്ചു. ളായിക്കാട് യൂണിറ്റിൽ പള്ളി പരിസരത്ത് തെങ്ങിൻതൈ നട്ട് പരിസ്ഥിതി ദിനാചരണം നടത്തി.


പൊടിപ്പാറ യൂണിറ്റ്

# കോവിഡ് -19 ചാസ് യൂണിറ്റ് ഇടപെടലുകൾ

**** ചികിത്സാസഹായം***

| *യൂണിറ്റ്* | *കുടുംബങ്ങൾ* | *സഹായധനം* |
|---|---|---|
| വെട്ടിമുകൾ | 15 | 15,000/- |
| ഏറ്റുമാനൂർ | 10 | 10,000/- |
| പുന്നത്തുറ | 10 | 5,000/- |
| കോട്ടയ്ക്കപ്പുറം | 10 | 5,000/- |
| മണ്ണാർകുന്ന് | 5 | 5,000/- |
| വള്ളംചിറ | 7 | 3,000/- |
| മണിമല ഓൾഡ് | 1 | 10,000/- |
| കുളത്തൂർ | 5 | 4,000/- |
| കൂത്രപ്പള്ളി | 4 | 4,000/- |
| നെടുമണ്ണി | 6 | 6,000/- |
| ചമ്പക്കര | 5 | 5,000/- |
| മാടപ്പള്ളി | 5 | 5,000/- |
| മാമ്മൂട് | 20 | 42,000/- |
| മാന്നില | 2 | 10,000/- |
| കുറുമ്പനാടം | 5 | 5,000/- |
| ഇരവുചിറ | 9 | 14,300/- |
| തൃക്കൊടിത്താനം | 61 | 61,000/- |
| കുമാരനല്ലൂർ | 1 | 10,000/- |
| കിളിരൂർ | 1 | 4,500/- |
| മുടിയൂർക്കര | 7 | 14,000/- |
| ഐക്കരച്ചിറ | 150 | 1,50,000/- |
| കുടമാളൂർ | 13 | 46,900/- |
| പാറേക്കടവ് | 6 | 6,000/- |
| പുഴവാത് | 5 | 10,000/- |
| എടത്വാ | 3 | 15,000/- |
| തകഴി | 3 | 15,000/- |
| പാണ്ടി | 1 | 2,500/- |
| **ആകെ** | **370** | **4,83,200/-** |

**** ഭക്ഷ്യസഹായം***

| *യൂണിറ്റ്* | *കുടുംബങ്ങൾ* | *തുക* |
|---|---|---|
| വള്ളംചിറ | 7 | 14,000/- |
| ചെറുവാണ്ടൂർ | 60 | 24,000/- |
| നാൽപ്പാത്തിമല | 60 | 90,000/- |
| മാടപ്പള്ളി | 10 | 6,250/- |
| കട്ടച്ചിറ | 25 | 25,000/- |
| വടവാതൂർ | 5 | 6,000/- |

| | | |
|---|---|---|
| അതിരമ്പുഴ | 100 | 1,12,600/- |
| അയർക്കുന്നം | 28 | 11,200/- |
| നരിക്കൽ | 75 | 52,000/- |
| വെട്ടിമുകൾ | 350 | 262500/- |
| തൃക്കൊടിത്താനം | | 7,000/- |
| പായിപ്പാട് | | 10,000/- |
| **ആകെ** | **720** | **6,20,556/-** |

**** കമ്മ്യൂണിറ്റി കിച്ചൺ***

| *യൂണിറ്റ്* | *തുക* |
|---|---|
| കുളത്തൂർ | 500/- |
| മുട്ടാർ ഓൾഡ് | 2,500/- |

**പലവ്യഞ്ജന-പച്ചക്കറി കിറ്റ് വിതരണം**

**ഏറ്റുമാനൂർ :** യൂണിറ്റിലെ 'മാവേലി' പുരുഷ സ്വയം സഹായസംഘം, പച്ചക്കറികിറ്റ്, മാസ്ക്, സാനിറ്റൈസർ, സാമ്പത്തിക സഹായം എന്നിവ സംഘാംഗങ്ങൾക്ക് വിതരണം ചെയ്തു. യൂണിറ്റ് ഡയറ്ടർ റവ. ഫാ. ടോം കുന്നുംപുറം ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സജി തടത്തിൽ എന്നിവർ സന്നിഹിതരായിരുന്നു.

**വിവിധ സംസ്ഥാനങ്ങളിൽ നിന്നും എത്തിയ ആളുകൾക്ക് സഹായം**

**ആര്യങ്കാവ് :** കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നും ആര്യങ്കാവുവഴി കേരളത്തിലേയ്ക്ക് വരുന്ന വ്യക്തികൾക്ക് യൂണിറ്റിന്റെ നേതൃത്വത്തിൽ ഭക്ഷണം, കുടിവെള്ളം, യാത്രാസൗകര്യം എന്നിവ ക്രമീകരിച്ചു.

*** മാസ്ക്ക് വിതരണം**

| *യൂണിറ്റ്* | *എണ്ണം* | *യൂണിറ്റ്* | *എണ്ണം* |
|---|---|---|---|
| ഏറ്റുമാനൂർ | 250 | പച്ചക്കാട് | 1000 |
| വള്ളംചിറ | 250 | മൈലാടി | 500 |
| വില്ലൂന്നി | 2250 | എടത്വ | 400 |
| മാമ്മൂട് | 1500 | കൂത്രപ്പള്ളി | 300 |
| മാന്നില | 1000 | നാൽപ്പാത്തിമല | 1000 |
| ചമ്പക്കര | 250 | പനയമ്പാല | 500 |
| വെട്ടിമുകൾ | 3500 | പച്ച-ചെക്കിടിക്കാട് | 1200 |
| ചേപ്പുംപാറ | 1000 | പാറേൽ | 1500 |
| മനയ്ക്കച്ചിറ | 1500 | മുട്ടാർ CMI | 14000 |
| അയർക്കുന്നം | 100 | നാലുകോടി | 1500 |
| കൊണ്ടാക്കൽ | 300 | പുല്ലങ്ങടി | 800 |
| കുമരങ്കരി | 650 | ചങ്ങങ്കരി | 100 |
| കണ്ണാടി | 1500 | | |
| **ആകെ** | | | **36850** |

*** സാനിറ്റൈസർ വിതരണം**

**മുട്ടാർ ഓൾഡ്:** ക്രെഡിറ്റ് യൂണിയൻ, സ്വാശ്രയസംഘം അംഗങ്ങൾക്കായി 500 സാനിറ്റൈസർ വിതരണം ചെയ്തു.

**നസ്രത്ത്** ഇടവകയിൽ ചാസ് യൂണിറ്റിന്റെ സഹകരണത്തോടെ കുടിവെള്ള സംഭരണത്തിന് 500, 1000 ലിറ്റർ വാട്ടർ ടാങ്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്തു.

*** മാസ്ക് നിർമ്മാണം ആരംഭിച്ചു**



| *യൂണിറ്റ്* | *നിർമ്മാണം* |
|---|---|
| കുളത്തൂർ | സൂര്യ സ്വാശ്രയസംഘം |
| പെരുംകാവ് | ജീവസ് സ്വാശ്രയസംഘം |
| കണ്ണാടി | കണ്ണാടി സെന്റ് റീത്താസ് യൂണിറ്റ് |
| ചെറുവാണ്ടൂർ | ചെറുവാണ്ടൂർ യൂണിറ്റ് |
| വില്ലൂന്നി | വില്ലൂന്നി യൂണിറ്റ് |
| എടത്വ | എടത്വാ യൂണിറ്റ് |
| മനയ്ക്കചിറ | ലൂർദ്ദ്മാതാ സ്വാശ്രയസംഘം |
| ഫിൽഗിരി | ഫിൽഗിരി യൂണിറ്റ് |

**ഹോമിയോ മരുന്ന് വിതരണം**

**ഏറ്റുമാനൂർ:** ചാസ് യൂണിറ്റിലെ സ്വാശ്രയസംഘാംഗങ്ങൾക്ക് ഫാ. ടോം കുന്നുംപുറത്തിന്റെ നേതൃത്വത്തിൽ കൊറോണ പ്രതിരോധ ഹോമിയോ മരുന്ന് വിതരണം ചെയ്തു.

**വാഷിംഗ് പൗഡർ വിതരണം:** പായിപ്പാട് അതിഥി തൊഴിലാളികൾക്ക് ചാസ് പായിപ്പാട് യൂണിറ്റിന്റെ നേതൃത്വത്തിൽ 100 കിലോ വാഷിംഗ് പൗഡർ വിതരണം ചെയ്തു.

**പഠനസഹായം**

| *യൂണിറ്റ്* | *വിദ്യാർത്ഥി* | *സഹായധനം* |
|---|---|---|
| കൂത്രപ്പള്ളി | 1 | 21,500 |
| കുടമാളൂർ | 6 | 26,300 |

**കുടയും മാസ്കും വിതരണം**

**ചമ്പക്കുളം കല്ലൂർകാട്** ചാസ് യൂണിറ്റിന്റെ നേതൃത്വത്തിൽ കമ്മ്യൂണിറ്റി ഓർഗ്ഗനൈസർമാർക്ക് യൂണിറ്റ് ഡയറക്ടർ വെരി. റവ. ഫാ. എബ്രാഹാം കാടാത്തുകളം കുടയും മാസ്കും വിതരണം ചെയ്തു.

**പരിശീലന പരിപാടികൾ**

**1. തുണിസഞ്ചി & പേപ്പർ ക്യാരി ബാഗ് നിർമ്മാണം**

| *തീയതി* | *യൂണിറ്റ്* | *പങ്കെടുത്തവർ* |
|---|---|---|
| ഫെബ്രു. 6 | കണ്ണാടി | 34 |
| ഫെബ്രു. 10, 11 | ഫാത്തിമാപുരം | 15 |
| ഫെബ്രു. 11 | പച്ച-ചെക്കിടിക്കാട് | 20 |
| ഫെബ്രു. 13 | കുമരകം വടക്കുംകര | 14 |
| ഫെബ്രു. 13 | കരിമ്പനക്കുളം | 15 |
| ഫെബ്രു. 14 | ആറുമാനൂർ | 15 |
| ഫെബ്രു. 17,18 | കുറിച്ചി | 20 |
| ഫെബ്രു. 18 | കൊടുപ്പുന്ന | 15 |
| ഫെബ്രു. 24,25 | ചെത്തിപ്പുഴ | 15 |
| ഫെബ്രു. 25 | മുട്ടാർ ഓൾഡ് | 18 |
| ഫെബ്രു. 29,30 | മനയ്ക്കച്ചിറ | 29 |

**2. ഫ്ളവർ മേക്കിംഗ് & ഫ്ളോർ മാറ്റ് നിർമ്മാണം**

| *തീയതി* | *യൂണിറ്റ്* | *പങ്കെടുത്തവർ* |
|---|---|---|
| 8.02.2020 | ഫിൽഗിരി | 28 |

**3. ആഭരണനിർമ്മാണം, ഫാബ്രിക് പെയ്ന്റിംഗ്**

| *തീയതി* | *യൂണിറ്റ്* | *പങ്കെടുത്ത വർ* |
|---|---|---|
| ജനുവരി 17 | മണ്ണാർകുന്ന് | 25 |

**കോപ്റ്റാക്ക് മാസ്ക് നിർമ്മാണ യൂണിറ്റ്**




# ഹരിതസമൃദ്ധി 2020-22




















CHASS
PROUDLY PRESENTS
LIVE FREE COTTON SANITARY PAD
Soft • Safe • Secure • Seemly
Live Free Cotton Sanitary Pad, a unique product initiated by "Ashakiranam Desk" of CHASS providing hygienic reusable cotton sanitary pad as an alternative for the plastic coated sanitary pads available in the market. Hygienic, reusable, non-allergic and natural at less cost.
Live Free Cotton Sanitary Pad available at CHASS.
Retail Price Rs.70/-
Contact:
9446857636, 9539701126
E-mail: chass1966@gmail.com
www.chasschry.org
Live Free - Live Long -
Live with Live Free Cotton Sanitary Pad


കുട്ടനാട്ടിലെ കർഷകർ പൂർണ്ണമായും
ജൈവരീതിയിൽ ഉൽപ്പാദിപ്പിച്ചത്
തവിട് നിലനിർത്തി പരമ്പരാഗത രീതിയിൽ
പുഴുങ്ങി കുത്തിയ
ജൈവ
പുഞ്ചകുത്തരി
''ജ്യോതി–12:85''
1Kg-75/-
പുഞ്ചകുത്തരി
''D1–ഉമ''
1Kg- 55/-
ചാസിൽ ലഭിക്കും...
ഫോൺ 9539701153